*Field guide Series 1*





# വനാവകാശ നിയമവും
## സാമൂഹിക വനവിഭവമേഖലാ പരിപാലനവും

(വനാവകാശ നിയമം 2006, ചട്ടം 2012, പ്രധാന ചോദ്യോത്തരങ്ങൾ എന്നിവ ഉൾപ്പെടെ)

## പഠന സഹായി

കെ.എച്ച്. അമിതാബച്ചൻ, മായാമോഹൻ, എം.പി. ഷാജൻ, ടിന്റു കുര്യൻ & പി.സി രശ്മി

Forest Right Act &
Community Forest Resource Area Management

പുഴ, വനം,
വേഴാമ്പൽ സംരക്ഷണം,
ആദിവാസി ശാക്തീകരണം,
തനതായ വിദ്യാഭ്യാസം എന്നീ
പ്രവർത്തനങ്ങളിൽ ജീവൻ അർപ്പിക്കുകയും
മനുഷ്യരുടെ ഇടപെടൽ, പ്ലാന്റേഷനുകൾ,
അണക്കെട്ടുകൾ എന്നിവ മൂലം നാശോന്മുഖമായ
കാടിനെ കുറിച്ച് ദുഖിക്കുകയും ഭൂമിയിലെ
ഓരോ ജീവനും വേണ്ടി ഊർവ്വരമായ കാടിന്റെ
പുനസ്ഥാപനം സ്വപ്നം കാണുകയും, പല രാത്രികളിൽ
കാടിന്റെ ശാന്തതയിൽ, പുഴത്തടങ്ങളിൽ അറിവിന്റെ
വാതായങ്ങൾ തുറന്ന് വന്യതയുടെ സഹവാസത്തിൽ ജീവന്റെ
ഏകാത്മകതയുടെ തത്വശാസ്ത്രത്തിലൂടെ പരമമായ സത്യത്തിലേക്ക്
വഴി കാട്ടിതന്ന, ഇന്ന് ഞങ്ങളോടൊപ്പമില്ലാത്ത പ്രിയപ്പെട്ട ആദിവാസി
സുഹൃത്തുക്കൾ, നെല്ലിയാമ്പതിയിലെ സുബ്രഹ്മണ്യൻ, മലക്കപ്പാറയിലെ
ഗണേശൻ, വാഴച്ചാലിലെ കൊച്ചുവേലായി എന്നിവരുടെ ഓർമ്മയ്ക്ക് മുന്നിൽ
സമർപ്പിച്ചുകൊള്ളുന്നു...........

അമിതാബച്ചൻ കെ. എച്ച്., മായാമോഹൻ, എം. പി. ഷാജൻ, ടിന്റു കുര്യൻ, പി.സി. രശ്മി. 2013 വനാവകാശനിയമവും സാമൂഹിക വനവിഭവ മേഖലാ പരിപാലനവും – പഠനസഹായി : ഫീൽഡ് ഗൈഡ് സീരീസ് 1, വെസ്റ്റേൺ ഘാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ, കേരള, ഇൻഡ്യ.

**പ്രസിദ്ധീകരണം**

വെസ്റ്റേൺ ഘാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ
ആരണ്യക്
മതിലകം. പി. ഒ
പിൻ. 680685
കേരള, ഇന്ത്യ.
www.hornbillfoundation.org

പകർപ്പവകാശം © 2013 വെസ്റ്റേൺ ഘാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ
പകർപ്പവകാശം © ചിത്രങ്ങൾ : ഡോ: കെ.എച്ച്. അമിതാബച്ചൻ.

BY NC SA

കടപ്പാടോടു കൂടി വാണിജ്യാവശ്യത്തിനല്ലാതെ പൊതു ആവശ്യത്തിന് ഈ പുസ്തകത്തിലെ വിവരങ്ങൾ ഉപയോഗിക്കാം

**തയ്യാറാക്കുന്നതിനുള്ള സഹായം**

സി.ഇ.പി.എഫ് - എട്രീ, വെസ്റ്റേൺ ഘാട്ട്സ് സ്മോൾ ഗ്രാന്റ് പ്രോഗ്രാം, സി.ഇ.ഡി
തിരുവനന്തപുരം

**പ്രസിദ്ധീകരണ സഹായം**

സെന്റർ ഫോർ എൻവയോർൺമെന്റ് ആന്റ് ഡവലപ്മെന്റ് (സി.ഇ.ഡി), തിരുവനന്തപുരം
www.cedindia.org

**രൂപകൽപന (ഡിസൈൻ)**

അനീഷ്.സി.എസ്.

ISBN : 978-81-927105-6-3

**പ്രസ്സ്**

ജൂബൽ ഓഫ്സെറ്റ് മതിലകം
email : joobaloffset@gmail.com

ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ, വസ്തുതകൾ, അഭിപ്രായങ്ങൾ എന്നിവ വനാവകാശ നിയമത്തിന്റെയും വനസംരക്ഷണത്തിന്റെയും യഥാർത്ഥ അന്തസത്തയോടുകൂടിയുള്ള ഒരു വഴികാട്ടി മാത്രമാണ്. ഇതിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളും, വിശദീകരണങ്ങളും ലേഖകരുടെ അഭിപ്രായങ്ങൾ ആണ്. നിയമപരമായും മറ്റുള്ള കാര്യങ്ങൾക്കും കേന്ദ്ര ആദിവാസി ഗോത്ര മന്ത്രാലയം ഗസറ്റ് പ്രകാരം പുറത്തിറക്കിയിട്ടുള്ള വനാവകാശ നിയമവും പുതുക്കിയ ചട്ടങ്ങളും അവലംബിക്കേണ്ടതാണ്. ഇത് പ്രകാരം വന്ന് ചേരുന്ന കഷ്ട നഷ്ടങ്ങൾക്ക് ലേഖകരോ പ്രസാധകരോ ഉത്തരവാദിയല്ല.

www.hornbillfoundation.org
Western Ghats Small Grants 2011
Centre for Environment and Development
Thiruvananthapuram

# വനാവകാശ നിയമവും
## സാമൂഹിക വനവിഭവമേഖലാ പരിപാലനവും

(വനാവകാശ നിയമം 2006, ചട്ടം 2012, പ്രധാന ചോദ്യോത്തരങ്ങൾ എന്നിവ ഉൾപ്പെടെ)

## പഠന സഹായി


കെ.എച്ച്. അമിതാബച്ചൻ

മായാമോഹൻ

എം.പി. ഷാജൻ

ടിന്റു കുര്യൻ

പി. സി.രശ്മി



ഒക്ടോബർ 2013

വെസ്റ്റേൺ ഘാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ

&

സെന്റർ ഫോർ എൻവയോർൺമെന്റ് ആന്റ് ഡവലപ്മെന്റ്
(സി.ഇ.ഡി), തിരുവനന്തപുരം

## കൃതജ്ഞത

പ്രാദേശികവും സാമുദായികവും പരമ്പരാഗതവുമായ വൈവിധ്യങ്ങളെ ഉൾക്കൊണ്ട് ഭൂമിയിലും വനവിഭവങ്ങളിലും വ്യക്തിപരവും സാമൂഹികവുമായ ഗോത്രവർഗ്ഗങ്ങളുടെ ഉപയോഗ പരിപാലന അവകാശങ്ങൾ സാധ്യമാക്കുക എന്നത് എക്കാലത്തെയും ഒരു സ്വപ്നമാണ്. വ്യക്തിപരവും സാമൂഹികവുമായ അവകാശ പുനസ്ഥാപനത്തോടൊപ്പം വനവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, പരിപാലനം എന്നിവയ്ക്ക് ഊന്നൽ നൽകി, അതിൽ പ്രാദേശികമായ ഊരുകൂട്ടങ്ങൾക്ക് പ്രധാന സ്ഥാനം നൽകി 2006ൽ നിലവിൽ വന്ന വനാവകാശ നിയമം 2006 ഒരു പക്ഷെ ഇന്ത്യയിലെ ഏറ്റവും ജനായത്തപരമായ ഒരു നിയമമായിരിക്കും. എങ്കിലും ഇതിനെ കുറിച്ചുള്ള അറിവ് ഓരോ ഗോത്രവർഗ്ഗത്തിലും ഉദ്യോഗസ്ഥരിലും പരിമിതമാണ്. കഴിഞ്ഞ ഒരു ദശാബ്ദത്തിലേറെയായി ഗോത്രവർഗ്ഗക്കാരുടെ പങ്കാളിത്തത്തോടെ വനസംരക്ഷണ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഞങ്ങൾക്ക് വനാവകാശ നിയമം 2006 അതിലെ ചട്ടങ്ങൾ, സാമൂഹിക വനവിഭവ മേഖല (സി. എഫ്. ആർ), പ്രധാന ചോദ്യോത്തരങ്ങൾ എന്നിവ ഉൾപ്പെടുത്തി മലയാളത്തിൽ ഒരു പുസ്തകം ചെയ്യാൻ കഴിഞ്ഞു എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രചോദനമായ വാഴച്ചാൽ മേഖലയിലെ 'കാടർ' ഗോത്രവർഗ്ഗ സുഹൃത്തുക്കളെ ആദ്യമായി സ്മരിച്ചുകൊള്ളട്ടെ.

ഇത്തരം പുസ്തക രചനയ്ക്ക് സഹായം ചെയ്ത ക്രിട്ടിക്കൽ ഇക്കോസിസ്റ്റം ഫണ്ട്, അശോകട്രസ്റ്റ് പശ്ചിമഘട്ട നിധിയുടെ ഡയറക്ടർ, ഡോ. ജാക്ക് ടോർഡോഫ്, പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഭാസ്കർ ആചാര്യ, ഡോ. ജഗദീഷ് കൃഷ്ണസ്വാമി, ഇതിന്റെ പ്രസിദ്ധീകരണത്തിന് വേണ്ട ധനസഹായം ചെയ്ത സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ് (സി.ഇ.ഡി) തിരുവനന്തപുരം ഡയറക്ടർ ഡോ. ബാബു അമ്പാട്ട്, ഡോ.ടി ബാബു, ഡോ. ടി. ആർ വിനോദ്, എന്നിവർക്കും ഞങ്ങളുടെ കൃതജ്ഞത അിറയിച്ചുകൊള്ളുന്നു.

ആദിവാസി-വനഗവേഷണ സംരക്ഷണ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് അനുവാദവും വേണ്ട നിർദ്ദേശങ്ങളും തന്ന ശ്രീ. രാജ രാജ വർമ്മ, ഐ.എഫ്.എസ് (പി.സി.സി.എഫ്, കേരള വനം വകുപ്പ്), ശ്രീ.വി. ഗോപിനാഥൻ, ഐ.എഫ്.എസ് (പി. സി.സി.എഫ്. വൈൽഡ്ലൈഫ്, കേരള വനം വകുപ്പ്), ശ്രീ. ഹരി കിഷോർ, ഐ.എ. എസ് (ഡയറക്ടർ, പട്ടിക ഗോത്രവർഗ്ഗ വകുപ്പ്) എന്നിവർക്ക് ഞങ്ങൾ കൃതജ്ഞത അർപ്പിച്ച് കൊള്ളുന്നു.

ഈ പുസ്തകത്തിന്റെ പൂർത്തീകരണത്തിന് വേണ്ട നിർദ്ദേശങ്ങളും തിരുത്തലുകളും തന്ന ഡോ. സി.ആർ ബിജോയ് (കാമ്പയിൻ ഫോർ സർവൈവൽ ആന്റ് ഡിഗ്നിറ്റി), ഡോ. ശങ്കർ (റി.ട്ട. ശാസ്ത്രജ്ഞൻ, കേരള വനഗവേഷണ കേന്ദ്രം), ശ്രീ. ഫനേന്ദ്ര കുമാർ, ഐ.എഫ്.എസ്, ശ്രീ. ജയിംസ് സക്കറിയ, വനം വകുപ്പ് ഉദ്യോഗസ്ഥരായ , ശ്രീ. ഷെയ്ക്ക് ഹൈദർ ഹുസൈൻ, ശ്രീ. അൻജൻ കുമാർ, ഐ.എഫ്.എസ്, ശ്രീ. അബ്ദുൾ നാസർ കുഞ്ഞ്, പട്ടിക ഗോത്രവർഗ്ഗ ഉദ്യോഗസ്ഥരായ ശ്രീ. ശ്രീനിവാസൻ, ശ്രീ. കെ ആർ മന്മദൻ, ശ്രീ. സി. ഹെറാൾഡ് ജോൺ, ശ്രീ. മനോജ് , ശ്രീമതി. വസന്തകുമാരി, (സി.ഇ.ഡി)തിരുവനന്തപുരം, ശ്രീ. സ്മിത, ശ്രീ. ബവിത (പേൾസ്നെറ്റ് പി. വെമ്പല്ലൂർ) എന്നിവരോടും ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഇതിന്റെ പൂർത്തീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ച ഞങ്ങളുടെ സുഹൃത്തുക്കൾ കെ. ദിവ്യ, രജ്ഞിത്ത് കാവുങ്കര, പി. കെ. ഫാസില, പി. കെ. നാസില, അലി അക്ബർ എന്നിവർക്കും, ശ്രീ. ശെന്തിൽ കുമാർ, ശ്രീ. ഗീത, ശ്രീ. രമ, ശ്രീ. നളിനി, ശ്രീ. മാണിക്യ രാജ് എന്നിവർക്കും മറ്റ് എല്ലാ ആദിവാസി സുഹൃത്തുക്കൾക്കും, ആദിവാസി പ്രമോട്ടർമാർ, വനസംരക്ഷണം ജീവിതവ്രതമാക്കിയ വനംവകുപ്പ് ഉദ്യോഗസ്ഥർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിച്ച്കൊള്ളുന്നു.

അമിതാബച്ചൻ കെ എച്ച്.
മായാമോഹൻ
ഷാജൻ എം പി.
ടിന്റു കുര്യൻ
രശ്മി പി.സി.

എസ്. ഹരികിഷോർ, ഐ.എ.എസ്.
പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ

ഹോൺബിൽ ഫൗണ്ടേഷൻ കേരളത്തിലെ പട്ടികഗോത്രവർഗ്ഗങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വനാവകാശനിയമം 2006, പുതുക്കിയ ചട്ടങ്ങൾ 2012, സാമൂഹിക വനവിഭവ മേഖല (CFR) എന്നിവയെ ആസ്പദമാക്കി ഒരു കൈപ്പുസ്തകം തയ്യാറാക്കുന്നു എന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ഈ പുസ്തകം കേരളത്തിലെ പട്ടികഗോത്രവർഗ്ഗക്കാർക്ക് അവരുടെ അവകാശങ്ങൾ പ്രത്യേകിച്ച് സാമൂഹിക അവകാശങ്ങൾ, സാമൂഹിക വനവിഭവ മേഖല (CFR), അതിന് അപേക്ഷിക്കേണ്ട രീതികൾ എന്നിവ മനസ്സിലാക്കുന്നതിനും, ഇതിനായുള്ള പ്രവർത്തനങ്ങൾക്ക് ഉദാഹരണമായി വനവിഭവ ശേഖരണ മേഖല തിരിച്ചറിയുന്നതിനും, ഭൂപടം തയ്യാറാക്കുന്നതിനും, പരമ്പരാഗതമായ സുസ്ഥിര ഉപയോഗത്തിനായുള്ള പെരുമാറ്റ ചട്ടങ്ങൾ രൂപീകരിക്കുന്നതിനും, സാമൂഹിക വനവിഭവമേഖല പദ്ധതി തയ്യാറാക്കുന്നതിനും വളരെയധികം സഹായകരമാകുമെന്ന് വിശ്വസിക്കുന്നു.

ഇത്തരം പഠനപ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയ സി.ഇ.പി.എഫ്. എ.ട്രീ. (CEPF-ATREE) പശ്ചിമഘട്ട പഠനപദ്ധതിയേയും, പ്രസിദ്ധീകരണത്തിന് മുൻകൈയ്യെടുത്ത സി.ഇ.ഡി. തിരുവനന്തപുരം, വെസ്റ്റേൺ ഗാട്ട്സ് ഹോൺബിൽ ഫൗണ്ടേഷൻ എന്നിവരെ അഭിനന്ദിക്കുന്നതിനോടൊപ്പം ഹോൺബിൽ ഫൗണ്ടേഷന്റെ ഈ ഉദ്യമം ഒരു മാതൃകയും പട്ടികഗോത്രവർഗ്ഗങ്ങൾക്ക് ഉപകാരപ്രദവുമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

എന്ന്,

എസ്. ഹരികിഷോർ, ഐ. എ. എസ്.
ഡയറക്ടർ,
പട്ടികഗോത്രവർഗ്ഗ വികസന വകുപ്പ്
വികാസ്ഭവൻ, തിരുവനന്തപുരം

[illegible]
[illegible]
E-mail [illegible]

# സന്ദേശം

ശാസ്ത്രീയമായ വനസംരക്ഷണവും വന പരിപാലനവും ഇന്ന് ലോകമൊട്ടാകെ തന്നെ അനുവർത്തിച്ച് വരുന്ന ഒന്നാണ്. ഒട്ടേറെ ശാസ്ത്രീയമായ പഠനങ്ങളും, രീതികളും, പരിശീലനങ്ങളുമൊക്കെ ഇതിന്റെ ഭാഗമായി മിക്ക രാജ്യങ്ങളിലും നടപ്പിലാക്കിവരുന്നുണ്ട്. ഇതിനാവശ്യമായ നിയമ നിർമ്മാണവും നടന്നുവരുന്നു.

വനസംരക്ഷണത്തിൽ ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദർ എന്നിവരെക്കാളുപരി ഗോത്രജനതയുടെ പങ്ക് വളരെ വലുതാണ്. കേരളത്തിലെ കേവലം 1.5% താഴെവരുന്ന ഗോത്രജനങ്ങൾ കേരള ജനതയുടെ ബഹുഭൂരിപക്ഷവും പ്രത്യക്ഷമായും പരോക്ഷമായും ആശ്രയിക്കുന്ന വനം, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണത്തിന് പ്രധാന പങ്ക് വഹിക്കുന്നു. അത്കൊണ്ട്തന്നെ ഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങൾക്കൊപ്പം വനസംരക്ഷണത്തിന്റെ കാര്യക്ഷമതയ്ക്ക് ഊന്നൽ നൽകുന്ന വനാവകാശ നിയമം 2006 ശ്രദ്ധേയമാണ്. എന്നാൽ വിവിധ തലത്തിൽ അതിനെ കുറിച്ചുള്ള അിറവ് താരതമ്യേന കുറവാണ്. കഴിഞ്ഞ കുറച്ച്വർഷങ്ങളായി ഹോൺബിൽ ഫൗണ്ടേഷനും, സി. ഇ. ഡിയും ചേർന്ന് ക്രിട്ടിക്കൽ ഇക്കോ സിസ്റ്റം പാട്ണർഷിപ്പ് ഫണ്ട് (CEPF) അശോകട്രസ്റ്റ് പശ്ചിമഘട്ട പദ്ധതിയുടെ ഭാഗമായി ഗോത്രഭാഷ, മലയാളം, ഇംഗ്ലീഷ് എന്നിങ്ങനെ വിവിധ ഭാഷകളിൽ പുസ്തകങ്ങൾ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പരിസര സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും ഊന്നൽ നൽകി, ശാസ്ത്രീയമായ സങ്കേതങ്ങൾ എങ്ങിനെ ഉപയോഗപ്പെടുത്താം എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ഗവേഷണ-വികസന സ്ഥാപനമാണ് സെന്റർ ഫോർ എൻവയോൺമെന്റ് ഡവലപ്മെന്റ്. ഇന്ത്യയിലെ ഒമ്പതോളം സംസ്ഥാനങ്ങളിൽ വിവിധങ്ങളായ മേഖലകളിൽ സി. ഇ. ഡി പ്രവർത്തനം നടത്തിവരുന്നു. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ സെന്റർ ഓഫ് എക്സലൻസായ സി. ഇ. ഡി, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ നാഷണൽ റിസോഴ്സ് സെന്ററും, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ റീജിയണൽ റിസോഴ്സ് ഏജൻസിയുമാണ്.

വനാവകാശം 2006, പുതുക്കിയ ചട്ടങ്ങൾ, ചോദ്യോത്തരങ്ങൾ, വിവധ മാതൃകകൾ എന്നിവ സംയോജിപ്പിച്ച് മലയാളത്തിൽ സമഗ്രമായ ഒരു പുസ്തകം. വെസ്റ്റേൺ ഗാട്ട്സ് ഹോൺബിൽ ഫൗണ്ടേഷനിലെ ഡോ. അമിതാബച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കി ഗോത്രസമൂഹങ്ങൾക്കും ഉദ്യോഗസ്ഥർക്കും എത്തിക്കുന്നതിൽ ഞങ്ങൾക്കും പങ്കാളിത്തമുണ്ട് എന്നതിൽ അതിയായ സന്തോഷമുണ്ട്. ഈ ഉദ്യമത്തിന് എന്റെ സഹപ്രവർത്തകരെ അഭിനന്ദിക്കുകയും ഇത് ഗോത്രവർഗ്ഗങ്ങളുടെ അവകാശങ്ങൾക്കൊപ്പം വനസംരക്ഷണത്തിൽ ഒരു പുതിയ അദ്ധ്യായത്തിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

**ഡോ. ബാബു അമ്പാട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ
സി. ഇ. ഡി

# അവതാരിക

പ്രകൃതി വിഭവ പരിപാലനത്തിനായുള്ള ഇത്തരത്തിലെ ആദ്യത്തെ നിയമമായിരിക്കും പട്ടികഗോത്രവർഗ്ഗ പരമ്പരാഗത വനാവകാശി (വനാവകാശം അംഗീകരിക്കൽ) നിയമം 2006. വളരെ കാലമായി നാം കൊളോണിയൽ നിയമങ്ങളുടെ ആധിപത്യത്തിൽ ആണ്. തദ്വാരാ ജനക്ഷേമത്തിനായി പൊതുസമ്പത്ത് എന്ന രീതിയിൽ യഥാർത്ഥ നിയമങ്ങൾ അനുശാസിക്കുന്ന പ്രകാരം വനത്തെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുന്നതിന് പകരം സ്വകാര്യ ആവശ്യങ്ങൾക്ക് കൈമറിക്കുന്നതാണ് കണ്ടത്. ഈ സ്വാഭാവിക പരിവേഷത്തിൽ തന്നെ പിടിച്ചടക്കപ്പെട്ട ഒരു ഭൂപ്രദേശത്തെയും അതിലെ ജനങ്ങളുടെ മേലുള്ള നിയമം പോലെയാണ് വനാധികാരം ഇക്കാലമത്രയും നിലകൊണ്ടത്. ഒരു പക്ഷേ ഇതുതന്നെ ആണ് വനത്തിന്റെയും വനവിഭവങ്ങളുടെയും ഭരണം തദ്ദേശീയ ജനങ്ങളുടെ നേരിട്ടുള്ള വിവേചനാധികാരത്തോടെ നടപ്പിലാക്കുന്ന കാലഘട്ടത്തിലേക്ക് വഴിതെളിച്ചത്.

വസ്തുനടപ്പവകാശം, അതിന്റെ അധികാരവും പട്ടിണിയെയും ദാരിദ്ര്യത്തെയും നിർമ്മാർജ്ജനം ചെയ്യാൻ മാത്രമല്ല ന്യായമായും, തുല്ല്യമായും വളരുന്നതിനും പരിസ്ഥിതിയുടെ സ്ഥായിയായ ഉപയോഗത്തിനും അടിസ്ഥാനപരമായ ആവശ്യമാണ്. ജനങ്ങൾക്കും സമൂഹങ്ങൾക്കും എങ്ങിനെ ഭൂമിയിലെ വിഭവങ്ങൾ ലഭ്യമാകുന്നു, അതിൽ ആർക്ക്, ഏത് വിഭവം, എത്ര നാൾ, ഏത് സാഹചര്യത്തിൽ ഉപയോഗിക്കാം എന്നത് പ്രാദേശികമായ വസ്തുനടപ്പവകാശത്തിലും അതിന്മേലുള്ള അധികാരത്തിലും ആണ് നിലകൊള്ളുന്നത്.

രാജ്യത്താകമാനമുള്ള ഗോത്ര വനവാസികളുടെ സമരങ്ങളിൽ നിന്ന് ഉയർന്ന് വന്ന വനാവകാശനിയമം 2006, 14 അവകാശങ്ങളിൽ ഊന്നി ഗ്രാമസഭാതലത്തിലുള്ള സുതാര്യവും ജനാധിപത്യപരവുമായ പ്രക്രിയായി വേരുറപ്പിക്കുകയാണിന്ന്. ഇതിനെ സഹായിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും സർക്കാരാണ്. ഏതെങ്കിലും ഉദ്യോഗസ്ഥതലത്തിലുള്ള നിയമലംഘനം ഈ നിയമപ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാണ്. വ്യക്തിപരമായ അവകാശം, സാമൂഹികാവകാശം, വികസനാവകാശം എന്നിങ്ങനെ സാധ്യമായ എല്ലാ അവകാശങ്ങളും 14 വ്യത്യസ്ഥ അവകാശങ്ങളായി ഈ നിയമത്തിൽ ഉൾപ്പെടുന്നു. ഇതിൽ വ്യക്തിപരമായി ഭൂമിയിലുള്ള അവകാശം ഒഴികെ മറ്റെല്ലാം സമൂഹത്തിന് അഥവാ ഗ്രാമസഭയ്ക്ക് വന്നുചേരുന്ന അവകാശം ആണ്. കേന്ദ്രീകൃതമായ നിയമങ്ങളിലൂടെ ഉദ്യോഗസ്ഥരാൽ തീരുമാനിക്കപ്പെട്ടിരുന്ന വനവിഭവ പരിപാലനം, വികേന്ദ്രീകൃതവും, പങ്കാളിത്ത ജനാധിപത്യ പ്രക്രിയയുടെ കാലാനുസൃതവും തദ്ദേശീയവുമായ വൈവിധ്യങ്ങൾ ഉൾക്കൊള്ളാവുന്ന തലത്തിൽ യഥാർത്ഥ ജനാധിപത്യ പ്രക്രിയയിലേക്ക് കൈമാറുകയാണ്.

**സി. ആർ. ബിജോയ്**

കാമ്പയിൻ ഫോർ സർവൈവൽ ആന്റ് ഡിഗ്നിറ്റി

# അവതാരിക

വനവാസികളോടുള്ള നിർദ്ദയവും നീതിരഹിതവുമായ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പെരുമാറ്റത്തിന് ഒരു അറുതിവരുത്താനാണ് വനാവകാശ നിയമം 2006 പാസാക്കിയത്. അവർക്ക് ഭൂമിക്കോ, സ്വത്തിനോ, വനവിഭവങ്ങൾക്കോ മേൽ യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. വികസനം വരുമ്പോൾ അവരെ കുടിയൊഴിപ്പിച്ചിരുന്നു. വനസംരക്ഷണ നിയമം ഉപയോഗിച്ച് അവരുടെ ഊരുകളിൽ വെള്ളമോ, വെളിച്ചമോ, സ്കൂളോ എന്നുവേണ്ട ഒരു ശ്മശാനം പോലും പണിയാൻ അനുവദിച്ചിരുന്നില്ല. നമ്മുടെ രാജ്യത്ത് 20 കോടിയിലേറെ ആദിവാസികളും, പരമ്പാരഗതമായി കാട്ടിൽ വസിക്കുന്നവരുമുണ്ട്. അവരുടെ അവകാശങ്ങൾ എപ്പോഴും നിഷേധിക്കപ്പെട്ടിരുന്നു. പട്ടയമില്ല, കൈവശരേഖയില്ല ജീവിതവൃത്തിക്കുള്ള വിഭവങ്ങളുടെ മേൽ (പുഴ, കാട്, തേൻ, സസ്യങ്ങൾ, പച്ചമരുന്ന്, വിത്തുകൾ) യാതൊരു അവകാശവുമില്ല.

2006ൽ ഈ നിയമം പാസാക്കിയെങ്കിലും 2008ൽ ആണ് നിലവിൽ വന്നത്. പക്ഷെ 2012ലെ ചട്ടങ്ങൾ പുറത്തുവന്നുള്ളു. 2012ൽ മാത്രമാണ് സാമൂഹ്യവിഭവങ്ങളുടെ മേലുള്ള അവകാശങ്ങൾ സ്ഥിരീകരിച്ചത്. നമ്മുടെ രാജ്യത്ത് 20% താഴെമാത്രമെ ഈ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളു. നാല് വകുപ്പുകളുടെ സംയോജിത പ്രവൃത്തിയിൽ നിന്ന് മാത്രമേ ഇതിന് ഫലം കാണാൻ പറ്റുള്ളു. വനം, പഞ്ചായത്ത്, പട്ടികജാതി, റവന്യൂ, എന്നീവകുപ്പുകൾ അതീവ തൽപരരായാലെ ഈ നിയമം സാക്ഷാത്കരിക്കപ്പെടുകയുള്ളു.

ഈ നിയമത്തിന്റെ നടത്തിപ്പിന് എതിർ നിൽക്കുന്നത് അജ്ഞതയാണ് എന്താണ് ഈ നിയമം, ആര്, എങ്ങിനെ, എപ്പോൾ, എവിടെ ഇത് നടപ്പാക്കും ആദിവാസികൾക്ക് കൃത്യമായി അവരുടെ വ്യക്തിഗത അവകാശങ്ങളും, സാമൂഹ്യ അവകാശങ്ങളും പ്രകടിപ്പിക്കാൻ സാധ്യമാണോ ? അവർ അതിന് പ്രാപ്തരാണോ ?. സാക്ഷര കേരളത്തിൽ തന്നെ 47% പേർക്ക് ഈ നിയമത്തെ കുറിച്ച് ഒന്നും അറിഞ്ഞുകൂട. ജില്ലാ ഭരണാധികാരികളിൽ 2% പേർക്കേ ഇതിനെ കുറിച്ച് ബോധമുള്ളു. വനാവകാശ സമിതികളെ (ഇതു നടപ്പാക്കേണ്ടവർ) പരിശോധിച്ചാൽ 18% സമിതികൾക്കേ ഈ നിയമത്തെ കുറിച്ച് അിറവുള്ളു. ആയതിനാൽ ആദിവാസി മുതൽ ചീഫ്സെക്രട്ടറിവരെ നമുക്ക് പഠിപ്പിക്കേണ്ടിവരും.

വളരെ വിശദമായി, ലളിതമായി ഒരു ഒഴുകുന്ന പുഴ പോലെ ഡോ. അമിതാബച്ചനും കൂട്ടരും വനാവകാശ നിയമത്തെ ഈ പ്രയോഗിക പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. കുറേവർഷങ്ങൾ വാഴച്ചാൽ കാടുകളിൽ കാടരുടെ കൂടെ സഹവസിച്ച ഇവർ ഈ പഠന സഹായിയിലൂടെ, കേരളത്തിൽ ഈ നിയമം നടപ്പാക്കുന്നതിൽ വിജയിക്കട്ടെ എന്ന് ആശംസിക്കുന്നു.

**ഡോ. എസ് ശങ്കർ**
ശാസ്ത്രജ്ഞൻ(റിട്ട:)
കേരള വന ഗവേഷണ കേന്ദ്രം
(കെ. എഫ്. ആർ.ഐ)

- നിയമം = **Act = Forest Right Act 2006**
- ചട്ടം = **Rule = Forest Right Rule 2012**
- വനനിയമം = **Forest Act = Indian Forest Act 1927**
- വനസംരക്ഷണ നിയമം = **Forest Conservation Act 1980**
- ജൈവവൈവിദ്ധ്യ സംരക്ഷണ നിയമം = **Biodiversity Act 2003**
- വന്യജീവി സംരക്ഷണ നിയമം = **Wildlife Conservation Act 1972**
- ആദിവാസി, ഗോത്രവർഗ്ഗം = പട്ടിക ഗോത്രവർഗ്ഗം = **ST = Scheduled Tribe**
- മറ്റ് പരമ്പരാഗത വനവാസികൾ = **Other Traditional Forest Dwellers = OTFD**
- ഗ്രാമസഭ/ഊരുകൂട്ടം = **GS**
- സബ്ഡിവിഷണൽ ലെവൽ കമ്മറ്റി = **Sub Divisional Committee = SDLC**
- ജില്ലാതലകമ്മറ്റി = **District Level Committee = DLC**
- സംസ്ഥാനതല മോണിറ്ററിങ്ങ് കമ്മറ്റി = **State Level Monitoring Committee = SLMC**
- സാമൂഹിക വനവിഭവ മേഖല = **Community Forest Resource (CFR)**
- ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്ററ്റ് = **CWLH**
- വനാവകാശ കമ്മറ്റി = **FRC**
- സാമൂഹിക വനവിഭവ മേഖല മാനേജ്മെന്റ് കമ്മറ്റി = **CFRMC**
- സാമൂഹിക വനവിഭവ മേഖല മാനേജ്മെന്റ് പ്ലാൻ = **CFRMP**

# ഉള്ളടക്കം


| | പേജ് |
|---|---|
| **അദ്ധ്യായം 1 : ആമുഖം** | **1** |
| 1.1 വനാവകാശ നിയമം 2006 | 1 |
| 1.2 വനാവകാശ നിയമത്തിന്റെ ചരിത്രപശ്ചാത്തലം | 8 |
| 1.3 വനാവകാശ നിയമം 2006: ഒരു അവലോകനം | 11 |
| **അദ്ധ്യായം 2 : വ്യക്തിഗത അവകാശങ്ങളും നടപടിക്രമങ്ങളും** | **13** |
| 2.1 വ്യക്തിഗത അവകാശങ്ങൾ | 15 |
| 2.2 ഉത്തരവാദിത്തപ്പെട്ട കമ്മറ്റികളും ഉദ്യോഗസ്ഥരും നടപടി ക്രമങ്ങളും | 16 |
| 2.3 ചോദ്യോത്തരങ്ങൾ | 20 |
| **അദ്ധ്യായം 3 : ഗോത്രവർഗ്ഗങ്ങൾക്കുള്ള സാമൂഹിക അവകാശങ്ങളും നടപടി ക്രമങ്ങളും** | **23** |
| 3.1 സാമൂഹിക അവകാശങ്ങൾ | 25 |
| 3.2 വനവിഭവങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശം | 25 |
| 3.3 പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക അവകാശങ്ങൾ | 25 |
| 3.4 ഗോത്രവർഗ്ഗക്കാരുടെ കുടിയൊഴിപ്പിക്കപ്പെടാതിരിക്കാനും ഭൂമി അന്യാധീനപ്പെടാതിരിക്കാനുമുള്ള അവകാശങ്ങൾ | 26 |
| 3.5 സാമൂഹിക വനവിഭവ മേഖല (CFR) സംരക്ഷണ അവകാശവും ഉത്തരവാദിത്തവും | 26 |
| 3.6 സാമൂഹിക വനാവകാശം അംഗീകരിക്കൽ | 27 |
| 3.7പ്രധാന സാമൂഹിക അവകാശങ്ങൾ | 28 |
| 3.8 സാമൂഹിക അവകാശം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ | 29 |
| 3.9 വനാവകാശം തീരുമാനിക്കുന്നതിന് ഹാജറാക്കാവുന്ന രേഖകൾ | 31 |
| 3.10 ചോദ്യോത്തരങ്ങൾ. | 33 |
| **അദ്ധ്യായം 4 : ഗോത്രവർഗ്ഗക്കാരുടെ വികസന അവകാശങ്ങളും നടപടിക്രമങ്ങളും** | **35** |
| 4.1 ഗോത്രവർഗ്ഗക്കാരുടെ വികസനപ്രവർത്തനങ്ങൾക്കുള്ള അവകാശങ്ങൾ | 37 |
| 4.2 വികസന അവകാശം അംഗീകരിക്കൽ | 38 |
| 4.3 ചോദ്യോത്തരങ്ങൾ | 39 |
| **അദ്ധ്യായം 5 : വനാവകാശനിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥരും കമ്മറ്റികളും ചുമതലകളും** | **42** |
| 5.1 കമ്മറ്റികളും ഘടനയും | 43 |
| 5.2 ഗ്രാമസഭ (ഊരുകൂട്ടം) | 44 |
| 5.2.1. വനാവകാശ കമ്മറ്റി (FRC) | 45 |
| 5.2.2. സാമൂഹിക വനവിഭവ മേഖലാകമ്മറ്റി (CFRMC) | 46 |
| 5.2.3 ഗ്രാമസഭയുടെ ചുമതലകൾ | 47 |
| 5.3 സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) | 48 |
| 5.4. ജില്ലാതലകമ്മറ്റി (DLC) | 50 |
| 5.5 സംസ്ഥാനതല നിരീക്ഷണ കമ്മറ്റി (SLMC) | 52 |
| 5.6 പരാതികൾ, കുറ്റകൃത്യങ്ങൾ, ശിക്ഷകൾ | 54 |

5.7 നിയമനിർവ്വഹണം നടത്തുന്ന ഉദ്യോഗസ്ഥർക്കും കമ്മറ്റികൾക്കുമുള്ള സംരക്ഷണം 57
5.8 ചോദ്യോത്തരങ്ങൾ 58
**അദ്ധ്യായം 6 : സാമൂഹിക വനവിഭവ മേഖല (CFR) പരിപാലനവും സംരക്ഷണവും (വനസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള വകുപ്പുകളും ചട്ടങ്ങളും വേണ്ട നടപടിക്രമങ്ങളും) 61**
6.1 സാമൂഹിക വനവിഭവ മേഖല/സാമൂഹിക അവകാശ മേഖല(CFR) 63
6.2 സാമൂഹിക വനവിഭവ മേഖല പരിപാലന കമ്മറ്റി (CFRMC) 65
6.3 സാമൂഹിക വനവിഭവ മേഖല കമ്മറ്റിയുടെ ചുമതലകൾ. 65
6.4 സാമൂഹിക വനവിഭവ മേഖല മാനേജ്മെന്റ് പ്ലാൻ (CFRMP) 67
6.5 സന്ദിഗ്ദ്ദ വന്യജീവി വാസകേന്ദ്രം - ക്രിട്ടിക്കൽ വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (CWLH) - കൂടുതൽ ശക്തമായ വനസംരക്ഷണം 68
6.6 സാമൂഹിക വനവിഭവ മേഖല പരിപാലനത്തിനും പദ്ധതിരേഖ (മാനേജ്മെന്റ് പ്ലാനിനും) ഒരുദാഹരണം 69
6.7 സാമൂഹിക വനവിഭവ മേഖല പരിപാലനത്തിനും പദ്ധതിരേഖ (മാനേജ്മെന്റ് പ്ലാൻ) ഘടന 69
**അദ്ധ്യായം 7 : വനാവകാശനിയമം സംബന്ധിച്ച് ആദിവാസി ഗോത്ര മന്ത്രാലയം പുറത്തിറക്കിയ ചോദ്യോത്തരങ്ങൾ 73**
**അദ്ധ്യായം 8 : അവലംബം (Reference) 83**
**അദ്ധ്യായം 9 : അനുബന്ധം 87**
**അനുബന്ധം 1**
9.1. വനാവകാശനിയമം 2006 (Forest Right Act 2006) 89
**അനുബന്ധം 2**
9.2. പുതുക്കിയ ചട്ടങ്ങൾ (2012) Amended Rules - 2012 101
**അനുബന്ധം 3**
9.3. വിവിധ രേഖകളുടെയും, അപേക്ഷകളുടെയും, കത്തുകളുടെയും മാതൃക 114
9.3.1. വ്യക്തിഗത അവകാശത്തിനുള്ള അപേക്ഷ ഫോറം (എ) 114
9.3.2. സാമൂഹിക അവകാശത്തിനുള്ള അപേക്ഷ ഫോറം (ബി) 117
9.3.3 സാമൂഹിക വനവിഭവ മേഖല (CFR) അപേക്ഷ ഫോറം (സി) 120
9.3.4. വ്യക്തിഗത ഭൂമിയുടെ രേഖ (Annexure 2, Rules 2012) 122
9.3.5. സാമൂഹിക അവകാശത്തിനുള്ള രേഖ (Annexure 3, Rules 2012) 124
9.3.6. സാമൂഹിക അവകാശത്തിനുള്ള/CFRനുള്ള അപേക്ഷ SDLC ക്ക് നൽകുന്നതിനായുള്ള കത്തിന്റെ മാതൃക. 126
9.3.7. ഗവൺമെന്റ് അനുവദിച്ച CFR രേഖയുടെ മാതൃക 127
9.3.8. കമ്മ്യൂണിറ്റി തയ്യാറാക്കിയ CFR മേഖലാ ഭൂപടത്തിന്റെ മാതൃക 128
9.3.9.കമ്മ്യൂണിറ്റി തയ്യാറാക്കിയ CFR മേഖലാ ഭൂപടത്തിന്റെ മാതൃക (ജി. പി. എസ് റെക്കോർഡ് ചെയ്ത് റവന്യു, ഫോറസ്റ്റ് അതിരുകൾ ഉൾപ്പെടുത്തിയത്). 129
9.3.10.ഗോത്രവർഗ്ഗങ്ങളുടെ വികസനാവശ്യത്തിന് വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ 130

# അദ്ധ്യായം - 1 ആമുഖം

## 1.1 വനാവകാശ നിയമം 2006

വനങ്ങളുടെയും, പ്രകൃതി വിഭവങ്ങളുടെയും അനിയന്ത്രിതമായ ചൂഷണത്തിന്റെയും, പ്രകൃതിയുടെ താളം തെറ്റിക്കുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങളുടേയും, നമ്മുടെ പൊതുസമ്പത്തിന്റെ തകർച്ചയുടേയും പാരമ്യത്തിലാണ് നാമിന്ന്. കാലാവസ്ഥ വ്യതിയാനം, പ്രകൃതി ക്ഷോഭങ്ങൾ, വിഭവ ദൗർലഭ്യം എന്നിവ ഓരോ സാധാരണ മനുഷ്യനും അനുഭവിച്ചറിയുന്നു. അവശേഷിക്കുന്ന ഭൂമിക്കും വിഭവങ്ങൾക്കും വേണ്ടി സാധാരണ ജനങ്ങളും ചൂഷകരും തമ്മിൽ പ്രത്യക്ഷമായ സമരങ്ങൾ ലോകം മുഴുവൻ നടക്കുന്ന സാഹചര്യത്തിലാണ് ഇന്നുള്ളതിൽ നമുക്ക് അവശേഷിക്കുന്ന പൊതുസ്വത്തായ വനത്തിന്റെയും വനവിഭവങ്ങളുടെയും സംരക്ഷണത്തിനും, അതിനുള്ള വിവേചനാധികാരം തദ്ദേശവാസികളായ ഗോത്രവിഭാഗങ്ങൾക്കും, നിയമപരമായി നൽകുന്ന, വനംവന്യജീവി നിയമങ്ങളുടെ തുടർച്ചയായ വനാവകാശ നിയമം 2006 ചർച്ച ചെയ്യപ്പെടുന്നത്.

വിഭവങ്ങളുടെ മേലുള്ള കടന്നാക്രമണം, അത് കൈവശപ്പെടുത്താൻ നിയമങ്ങൾ മൂലം തദ്ദേശ ജനസമൂഹത്തിന്റെ വിഭവങ്ങളുടെ മേലുള്ള അവകാശങ്ങളെ നിക്ഷേധിക്കൽ എന്നിവ പുതിയ ഒരു കാര്യമല്ല മറിച്ച് ചരിത്രാധീത കാലം മുതൽക്കേ നിലനിന്നുപോന്നിരുന്ന, മർദ്ദിതചൂഷക സംവിധാനങ്ങളെ കൃത്യമായി വേർതിരിച്ചിരുന്ന ഒരു ചരിത്രപരമായ വസ്തുതയാണ്. ചരിത്രാധീത കാലം മുതൽ വിഭവങ്ങളുടെ മേലുള്ള അധികാരവും, ചൂഷണവും തന്നെയാണ് എല്ലാതരത്തിലുള്ള രാഷ്ട്രീയ, ജാതി, വർഗ്ഗവിവേചനങ്ങളുടെ യഥാർത്ഥ ചാലക ശക്തി എന്ന് കാണാം. രാജാക്കൻമാരുടെ ഭരണകാലവും, കോളനി വാഴ്ചക്കാലവും, സ്വാതന്ത്ര്യാനന്തര ഇന്ത്യയും, ഇക്കാലങ്ങളിലെ നിയമങ്ങളും എല്ലാം തന്നെ ഇത്തരത്തിലുള്ള വ്യത്യസ്തമായ മാനങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. ഇത് ഗോത്രവർഗ്ഗങ്ങളുടെ ഭൂമിക്കും വിഭവങ്ങളുടെ നാശത്തിനും കാരണമായി എന്നതാണ് ഇതിലെല്ലാം താത്വികമായി അംഗീകരിക്കപ്പെടുന്ന ഒരു വസ്തുത. ഗോത്രവർഗ്ഗങ്ങൾക്ക് സംഭവിച്ച "ചരിത്രപരമായ അനീതിക്ക്" മറുപടിയായാണ് വനത്തിനും, വനവിഭവങ്ങളുടെയും മേലുള്ള ഗോത്രവർഗ്ഗങ്ങളുടെ വിവേചനാധികാരത്തെ നിയമപരമായി പുനസ്ഥാപിക്കുന്ന വനാവകാശനിയമം 2006 ൽ നിലവിൽ വന്നത് എന്ന് വനാവകാശനിയമം 2006 ന്റെ ആമുഖത്തിൽ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

പ്രകൃതിവിഭവങ്ങളെ നേരിട്ടാശ്രയിച്ച് കാലാവസ്ഥയ്ക്ക് അനുസരിച്ച് മനുഷ്യർ ജീവിച്ചിരുന്ന സമയത്ത് (കോളോണിയൽ ഭരണകാലത്തിന് മുൻപ്) പ്രകൃതിയിലെ "പൊതു" (Commons) അഥവാ വനങ്ങൾ, ജലാശയങ്ങൾ, കൃഷിയിടങ്ങൾ,

കാവുകൾ എന്നിവയുടെ സംരക്ഷണം സമൂഹത്തിന്റെയും ഭരണകർത്താക്കളായ നാടുവാഴികളുടെയും, ജന്മികളുടെയും, കുടിയാൻ അടക്കമുള്ള സാധാരണക്കാരായ മനുഷ്യസമൂഹങ്ങളുടെയും പൊതുവായതും അനിഷേധ്യവുമായ ഒരു കാര്യമായിരുന്നു.

ശക്തമായ ഫ്യൂഡൽ വ്യവസ്ഥ നിലനിന്നിരുന്നപ്പോൾ പോലും ഭൂമിയുടെ സംരക്ഷണത്തിലും അതിന്റെ ഉർവരത കാത്തുസൂക്ഷിക്കുന്നതിലും പരിപാലിക്കുന്നതിലും തദ്ദേശ ജനസമൂഹങ്ങൾക്ക് കൃത്യമായ വിവേചനാധികാരം ഉണ്ടായിരുന്നു. കൃഷിയിടങ്ങളിൽ ഉല്പന്നങ്ങൾ മുഴുവൻ ജന്മിയുടെ അവകാശമായിരുന്നു എന്നാൽ ഭൂമിയുടെ സംരക്ഷണത്തിൽ കുടിയാനും കൃത്യമായ വിവേചനാധികാരം ഉണ്ടായിരുന്നു. വനമേഖലകളിൽ ഗോത്രസമൂഹങ്ങൾക്ക് കുറേകൂടി സ്വതന്ത്രമായ വിവേചനാധികാരവും, വിഭവങ്ങളുടെ മേലുള്ള അധികാരവും ഉണ്ടായിരുന്നു. ഇതിന് പ്രധാനമായും മൂന്ന് കാരണങ്ങളുണ്ട്. 1. നാടുവാഴികൾക്കും പ്രഭുക്കൻമാർക്കും വനത്തിൽമേലുള്ള താല്പര്യം പ്രധാനമായും തടി ആയിരുന്നു. അല്ലാതെ ഗോത്രസമൂഹങ്ങൾ ജീവസന്ധാരണത്തിനായി ആശ്രയിക്കുന്ന തടിയേതര വനവിഭവങ്ങൾ ആയിരുന്നില്ല. 2. യുദ്ധങ്ങളിലും മറ്റ് ആവശ്യങ്ങൾക്കും മറ്റും വനനിബിഢമായ പ്രദേശങ്ങളിൽ ഗോത്രവർഗ്ഗങ്ങളുടെ സഹായം നാടുവാഴികളെ സംബന്ധിച്ച് നിർണായകമായിരുന്നു. 3. തടിയാവശ്യത്തിനും കൃഷിയാവശ്യങ്ങൾക്കും, ജലലഭ്യതക്കും നായാട്ട് അടക്കമുള്ള മൃഗയാ വിനോദങ്ങൾക്കും വനം സംരക്ഷിക്കുക എന്നതും ആവശ്യാനുസരണം ആനുകൂല്യങ്ങൾ തങ്ങൾക്ക് ലഭ്യമാക്കുക (സുസ്ഥിരമായ പരിപാലനം) എന്നതിൽ ഗോത്ര സമൂഹങ്ങളുടെ പരമ്പരാഗത അറിവുകളും അനുഷ്ഠാനങ്ങളും അനിവാര്യമായിരുന്നു. ഉദാഹരണമായി കാണിക്കാരും മാർത്താണ്ഡവർമ്മ മഹാരാജാവും തമ്മിലുള്ള ബന്ധത്തിന്റെ തുടർച്ചയായി നൽകിയിരുന്ന 'കാണിപറ്റ്' എന്ന സാമൂഹിക അവകാശം.

കൊളോണിയൽ ഭരണത്തിന് മുൻപ് ഗോത്രജനതയ്ക്ക് പ്രാദേശിക വനവിഭവ പരിപാലനത്തിൽ യഥാർത്ഥ സമ്പൂർണാധികാരം ഉണ്ടായിരുന്നു. വനഭൂമിയിലുള്ള പ്രദേശങ്ങളെ എളുപ്പത്തിൽ വരുതിയിലാക്കുക എന്ന ലക്ഷ്യത്തോടെ തന്നെയാണ് മിക്ക നിയമങ്ങളും വന്നത്. അതിൽ പ്രധാനപ്പെട്ടതാണ് 1865ൽ പാസ്സായി, 1878ലും പിന്നീട് 1927ൽ വന്ന ഇന്ത്യൻ വന നിയമം (Indian Forest Act) ഇത് പ്രകാരം എല്ലാ വനവിഭവങ്ങളെയും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ കൊണ്ടുവന്നു. ഇതിനെ തുടർന്ന് ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി പ്രക്ഷോഭങ്ങൾ ഉണ്ടായി. പല ആദിവാസികളും തങ്ങളുടെ പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്ഥമായ ജീവിത രീതികളും, കാർഷിക രീതികളും അവലംബിക്കാൻ നിർബന്ധിതരായി. നിലം 'ഉഴുന്നതിനുള്ള' നികുതിയും ജമീന്താരി രീതികളും ഇതിനെ തുടർന്നു വന്നു. സംസ്ഥാന സർക്കാരിന്റെ നികുതി പണം കൂട്ടാൻ എന്ന വ്യാജേന പല മുഖ്യധാരാ ജനങ്ങളും വനഭൂമി കൈയ്യേറാൻ തുടങ്ങി. വനനിയമത്തിന് ശേഷം വന്ന പല നിയമങ്ങളും ഭേദഗതികളും ഉദാ: ദേശീയ വന നയം 1952 (National Forest policy 1952),

വന്യജീവി സംരക്ഷണ നിയമം (Wildlife Protection Act) 1972, ഇന്ത്യൻ വനസംരക്ഷണ നിയമം (Indian Forest Conservation Act)1980 എന്നിവ ചെറിയതോതിലെങ്കിലും ഗോത്രവർഗ്ഗക്കാരോട് ചെയ്ത "ചരിത്രപരമായ അനീതി"യ്ക്ക് മാറ്റം കൊണ്ടുവന്നു. എന്നാൽ അടിസ്ഥാനപരമായി കൊളോണിയൽ നിയമമായ ഇന്ത്യൻ വനനിയമത്തിൽ ആഴ്ന്നിരിക്കുന്നത് കൊണ്ട്തന്നെ അത് ഫലപ്രദമായിരുന്നില്ല. ഇന്ത്യൻ വന നിയമപ്രകാരം (1927) വനത്തിനുമേലുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭിക്കുകയും, വനത്തിൽ തടി എന്നതിലപ്പുറം വനഭൂമിയുടെ മേലുള്ള അധികാരം എന്നതാണ് പ്രശ്നങ്ങൾക്ക് തിരികൊളുത്തിയത്. ഉദാഹരണമായി സംസ്ഥാനങ്ങൾക്ക് വിവേചനാധികാരമുള്ള കാലത്താണ്, തടിവെട്ടുന്നതിനേക്കാൾ ഉപരി വനഭൂമി വനമല്ലാതാക്കിയുള്ള വ്യത്യസ്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ വൻതോതിൽ തുടങ്ങിയത്. കൃഷിക്ക്, അണക്കെട്ടുകൾക്ക് ജലസേചനപദ്ധതികൾക്ക് പലതരത്തിലുള്ള പ്ലാന്റേഷനുകൾക്ക് പ്രധാനമായും പേപ്പർ, റയോൺ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾക്ക്, കൊളോണിയൽ ഇന്ത്യയേക്കാൾഏറ്റവും അധികം വനഭൂമി വനമല്ലാതായി മാറിയതും ആ മാറിയ പ്രദേശങ്ങളുടെ അധികാരം ഗോത്രവർഗ്ഗങ്ങൾക്ക് നഷ്ടപ്പെട്ടതും, വനത്തിനും വനസമ്പത്തിനും കാര്യമായ ക്ഷതമേറ്റതും ഈ കാലഘട്ടത്തിലാണെന്ന് കാണാൻ കഴിയും.

1972ലെ വന്യജീവി സംരക്ഷണ നിയമത്തിനും 1980ലെ വനസംരക്ഷണ നിയമത്തിനും ശേഷമാണ് ജൈവവൈവിധ്യ സംരക്ഷണത്തിനും, സംരക്ഷിത വനപ്രദേശങ്ങളുടെ പ്രഖ്യാപനത്തിനും, കാര്യക്ഷമമായ വനം വന്യജീവി പരിപാലത്തിനും സാദ്ധ്യത തെളിഞ്ഞത്. വനസംരക്ഷണ നിയമം 1980ൽ മൂന്ന് കാര്യങ്ങൾ ശ്രദ്ധേയമാണ്.

1. വനഭൂമി വനഭൂമിയല്ലാതാക്കി മാറ്റാനുള്ള നിർണയാധികാരം സംസ്ഥാന ഭരണകൂടങ്ങളിൽ നിന്ന് കേന്ദ്രഗവൺമെന്റിന്റെ അനുവാദം ആവശ്യമായുള്ള ഒരു കൺകറണ്ട് ലിസ്റ്റിലേക്ക് (MoEF) മാറ്റി.

2. അവശേഷിക്കുന്ന നൈസർഗ്ഗിക വനങ്ങളിലെ സ്വാഭാവികത നഷ്ടമാക്കുന്ന വലിയ മരങ്ങൾ വെട്ടുന്നതും പ്ലാന്റേഷൻ ഉണ്ടാക്കുന്നതും നിർത്തിവെച്ചു.

3. ഗോത്ര സമൂഹങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വനപരിപാലനത്തിനും സംരക്ഷണത്തിനുമുള്ള അധികാരം കൊടുക്കുകയും ചെയ്തു. (പങ്കാളിത്ത വനപരിപാലനം)

വൻതോതിലുള്ള വനഭൂമിയുടെ വനേതര ആവശ്യങ്ങൾക്കായുള്ള കൈമാറ്റം നമ്മുടെ പാരിസ്ഥിക സന്തുലിതാവസ്ഥയെ തകിടം മറിച്ചു. കേന്ദ്രനിയമത്തെ മറയാക്കി, നിയമത്തിന്റെ പഴുതുകളിലൂടെ പൊതുവികസനാവശ്യങ്ങൾപറഞ്ഞ് വൻകിടപദ്ധതികൾക്കായി (അണക്കെട്ടുകൾ, കൽക്കരിപ്പാടങ്ങൾ, ക്വാറികൾ, റോഡുകൾ ) എന്നിങ്ങനെ വൻതോതിൽ നിലവിലുള്ള വനങ്ങൾ വനമല്ലാത്ത ഭൂമിയായിമാറി 1994

ന് ശേഷം പരിസ്ഥിതി ആഘാത പഠനങ്ങളും, 1997 ൽ പബ്ലിക്ക് ഹിയറിങ്ങും നിർബന്ധമാക്കിയെങ്കിലും നിയമത്തിന്റെ പഴുതുകളിലൂടെ വൻവ്യവസായലോബികൾ വനഭൂമികൈയ്യടക്കി. വനാശ്രിതസമൂഹങ്ങളുടെ കാടുമായുള്ള അഭേദ്യബന്ധത്തിൽ നിന്ന് അകറ്റുന്നതിനും, അവരുടേത് സുസ്ഥിരമായ ജീവിതശൈലി എന്നത് അല്ല എന്ന രീതിയിൽ അവരെ പാർശ്വവൽക്കരിക്കുകയാണ് ചെയ്തത്. എന്നാൽ നാടിന്റെ തന്നെ പാരിസ്ഥിതികസന്തുലനത്തെയും, സുരക്ഷയെയും ബാധിക്കുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങളെ മറയാക്കി, സർക്കാർ തന്നെ വൻതോതിൽ വനഭൂമി കൈമാറ്റം ചെയ്യുകയുമാണ് ചെയ്തത്. വനനിയമം, വന്യജീവി നിയമം, ജൈവവൈവിധ്യനിയമം എന്നിങ്ങനെ എല്ലാമുണ്ടായിട്ടും 2000 - 2011 കാലഘട്ടത്തിൽ തന്നെ വൻതോതിലുളള അവശേഷിക്കുന്ന നൈസർഗ്ഗിക വനങ്ങൾ വനമല്ലാതായിമാറി. അതോടൊപ്പം തന്നെ സംരക്ഷിത വനപ്രദേശങ്ങളിൽ നിന്ന് ഗോത്ര സമൂഹങ്ങളെ കുടിയൊഴിപ്പിച്ചതും (Tiger project) അതിൽ ഗോത്രസമൂഹങ്ങൾക്ക് വിവേചനാധികാരം ലഭിക്കാത്തതും വൻതോതിലുളള പ്രതിഷേധത്തിന് കാരണമായി. ഇതിന്റെ അനന്തരഫലമായാണ് വനാവകാശ നിയമം 2006 നിലവിൽ വന്നത്.

ഇത് ഒരു സുപ്രഭാതത്തിൽ സംഭവിച്ചതല്ല ഗോത്രവർഗ്ഗത്തിന്റെ അവകാശങ്ങൾ അംഗീകരിക്കുക, യഥാർത്ഥ വനസംരക്ഷണം സാധ്യമാക്കുക എന്ന രീതിയിലുള്ള ജനായത്ത ചിന്തകളുടെയും പരിണിതഫലമാണിത്. ഇത്തരത്തിൽ വന്ന മാറ്റങ്ങൾക്കുദാഹരണമാണ് ഇന്ത്യൻ വനനിയമത്തിലെ "വില്ലേജ് ഫോറസ്റ്റ്", അഞ്ച്, ആറ് ഷെഡ്യൂൾ മേഖലകളിലെ സാമൂഹിക വനപരിപാലനം, വന്യജീവി സംരക്ഷണ നിയമം 1972ലെ "കമ്മ്യൂണിറ്റി റിസർവ്", ഉത്തരാഖണ്ഡിലെ "വനപഞ്ചായത്ത്" ചോട്ടാനാഗ്പൂർ 'ടെനന്റ്സ് ആക്ട്'എന്നിവ. ഇതിനെ തുടർന്നുണ്ടായ ദേശീയ വന നയം (National Forest Policy)1988 ലെ പ്രധാനആശയങ്ങളായ (1) കാടും ആദിവാസിയും തമ്മിലുള്ള അഭേദ്യമായ പരസ്പരപൂരിതമായ ബന്ധം. (2) പരമ്പരാഗത അവകാശങ്ങളുടെ സംരക്ഷണം. (3) സംയോജിത വികസന പരിപാടികൾ. (4) ഫോറസ്റ്റ് വില്ലേജുകളെ റവന്യൂ വില്ലേജിന് തുല്ല്യമാക്കൽ എന്നിവയിലും അതിനെ തുടർന്ന് വനസംരക്ഷണ നിയമത്തെ അനുസരിച്ച് വനാവകാശ നിർണ്ണയത്തിന് വേണ്ടി പുറതത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 1990 ലെ (1)പഴയ കൈയ്യേറ്റങ്ങളെ അംഗീകരിക്കൽ (2) തർക്കത്തിനുള്ള അവകാശങ്ങൾ അംഗീകരിക്കൽ (3) തർക്കത്തിലുള്ള പട്ടയം, ലിസ്റ്റ്, ഗ്രാന്റ് എന്നിവ അംഗീകരിക്കൽ(4) വനവില്ലേജുകളെ റവന്യൂവില്ലേജുകളാക്കൽ എന്നിവയിലും വനാവകാശ നിയമത്തിന്റെ അന്തസത്ത കാണാൻ കഴിയും. എന്നാൽ നിയമം നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥ, അധികാരികളല്ലാത്ത തദ്ദേശീയ ജനങ്ങളുടെ ചട്ടക്കൂട് അതിൽ വരാത്തതുകൊണ്ട് തന്നെ ഇതൊന്നും ഫലപ്രദമായില്ലെന്ന് മാത്രമല്ല വൻതോതിൽ ആദിവാസികൾ അല്ലാത്തവരുടെ കൈയ്യേറ്റങ്ങൾ അനുവദിക്കുന്നതിനും, യഥാർത്ഥ അവകാശികളെ നിയമപ്രകാരമല്ലാത്ത കൈയ്യേറ്റക്കാർ എന്ന് പറഞ്ഞ്കുടി ഒഴിപ്പിക്കുന്നതിനും അതോടൊപ്പം നൈസർഗ്ഗിക വനങ്ങൾ നശിപ്പിക്കപ്പെട്ടതിനും ഇടയാക്കി.

പ്രസിദ്ധമായ ഗോദവർമ്മൻ കേസിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ തന്നെ ഇങ്ങനെപറയുന്നു "ഗ്രാമീണർ പ്രധാനമായും യുഗങ്ങളായി കാടുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആദിവാസികൾ പരമ്പരാഗത അവകാശങ്ങളിൽ നിന്നും ജീവിതമാർഗ്ഗങ്ങളിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. തദ്വാരാ അവർ നിയമത്തിന്റെ കണ്ണിൽ കൈയ്യേറ്റക്കാരായി മാറി". ഈ പശ്ചാത്തലത്തിൽ വനാവകാശ നിർണ്ണയാവകാശം അധികാരികളിൽ നിന്ന് ജനാധിപത്യ സംവിധാനത്തിന്റെ മൂലഘടകമായ ഗ്രാമസഭ (ഊരുകൂട്ടം) യിലേക്ക് പറിച്ചുമാറ്റി യഥാർത്ഥ ജനാധിപത്യത്തിന്, ജനാധികാരത്തിന് വഴികാട്ടിയാവുകയാണ് വനാവകാശ നിയമം 2006 ചെയ്യുന്നത്. വനഭൂമി വനഭൂമിയല്ലാതാക്കി മാറ്റാനുള്ള വിവേചനാധികാരം തദ്ദേശീയ ഗോത്രസമൂഹങ്ങളുടെ ഗ്രാമസഭകൾക്ക് (ഊരുകൂട്ടങ്ങൾക്കും) നൽകുന്നു എന്നതാണ് വനസംരക്ഷണത്തെ സംബന്ധിച്ച് വനാവകാശ നിയമം 2006 ഏറ്റവും നിർണ്ണായകമായിരിക്കുന്നത്.

ഗോത്രവർഗ്ഗങ്ങൾക്ക് നൽകുന്ന അധികാരങ്ങളിൽ പ്രധാനമായും അവർ താമസിക്കുന്ന ഭൂമിയിലുള്ള വ്യക്തിപരമായ അധികാരം, വനസംരക്ഷണത്തിനുള്ള അധികാരം, വനവിഭവങ്ങളുടെ മേലുള്ള അധികാരം, എന്നിവയാണ് പ്രധാനമായുള്ളത്. എന്നാൽ ഇവയെല്ലാം തന്നെ വനസംരക്ഷണ നിയമം (ഫോറസ്റ്റ് ആക്ട് 1980) ൽ വ്യക്തമായി പറയുന്നത് തന്നെയാണ്. വനനിയമത്തിന്റെ അന്തസത്ത കേരളത്തിൽ പങ്കാളിത്ത വനപരിപാലനം (PFM) ശക്തമായ പലയിടങ്ങളിലും ഈ അവകാശങ്ങൾ ഗോത്രസമൂഹങ്ങൾ ഒരു പരിധിവരെ അനുഭവിച്ച് പോരുന്നുണ്ട്. അവർ താമസിക്കുന്ന ഭൂമിയുടെ മേലുള്ള കൈവശാവകാശം, വനവിഭവങ്ങൾ ശേഖരിക്കുന്ന മേഖലയുടെ വനസംരക്ഷണത്തിനും, പരിപാലനത്തിനുള്ള അധികാരം, വനവിഭവങ്ങൾ ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള സ്വാതന്ത്ര്യാധികാരവും, സാമൂഹിക വനാവകാശ മേഖലാ പരിപാലനവും ഭാവിയിലെ വനസംരക്ഷണ പരിപാലന പ്രക്രിയയെ സംബന്ധിച്ച് നിർണായകമാണ്.

2006ൽ നിയമം വന്നിട്ടും വളരെ മന്ദഗതിയിലാണ് നിയമം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വ്യക്തിപരമായ ഭൂമിയുടെ കൈവശരേഖ കൊടുക്കുന്നത് ഒഴികെ സാമൂഹിക അവകാശങ്ങൾ നൽകുന്നതിൽ വളരെ പിന്നിലാണെന്ന് കാണാൻ കഴിയും. 2012 ന് ശേഷം 24 ഊരുകൂട്ടങ്ങളുടെ (ഗ്രാമസഭ) തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശങ്ങൾ നൽകിയതായി രേഖകളിൽ കാണുന്നു. എന്നാൽ സാമൂഹിക വനാവകാശ മേഖല മാനേജ്മെന്റ് കമ്മറ്റികൾ (CFRMC)രൂപികരിക്കുകയും അതിനുള്ള സൂക്ഷ്മാസൂത്രണ രേഖകൾ (CFRManagment Plan) തയ്യാറാക്കുകയും ചെയ്തിട്ടില്ല. നിയമം നടപ്പാക്കേണ്ടവരും ഗോത്രവർഗ്ഗങ്ങളും ഇതിൽ അജ്ഞരാണ് എന്നതാണ് പരമപ്രധാനമായ വസ്തുത. പല വനവകാശകമ്മറ്റി അംഗങ്ങൾക്കും തങ്ങൾ വനവകാശകമ്മറ്റി അംഗങ്ങളാണെന്ന് പോലും അറിയില്ല. വലിയ തോതിലുള്ള ശാക്തീകരണ പ്രവർത്തന

ങ്ങളും നടക്കേണ്ടതുണ്ട്. അതിനുള്ള ആളുകൾ ഇല്ലാത്തതും, ഗോത്രവർഗ്ഗ സംഘടനകളും, പരിസ്ഥിതി സംഘടനകളടക്കം ആരും തന്നെ അതിന്റെ നിർവ്വഹണത്തിൽ താല്പര്യമെടുക്കാത്തതും ഒരു പരിധിവരെ കാരണമാണ്.

നിലവിലുള്ള നിയമങ്ങൾക്കൊന്നും തന്നെ വനഭൂമി വനഭൂമിയല്ലാതാക്കാനുള്ള, പൊതുസമ്പത്ത് സ്വകാര്യവൽക്കരിക്കുന്ന നീക്കങ്ങളെ ചെറുക്കാനായിട്ടില്ല എന്ന് കഴിഞ്ഞ കാലത്തിൽ അണക്കെട്ടുകൾക്കും, കൽക്കരിപ്പാടങ്ങൾക്കും മറ്റുമായി കൈമാറ്റം ചെയ്യപ്പെട്ട വനഭൂമിയുടെ കണക്കുകൾ തന്നെ തെളിവാണ്. 2011 - 2012ൽ പ്രതിമാസം 136 ഹെക്ടർ എന്നതോതിലാണ് ഇത്തരത്തിൽ വനഭൂമി MoEF കൈമാറ്റം ചെയ്തത്. ഭാവിയിലേക്കുള്ള പ്രകൃതി സമ്പത്ത് നഷ്ടപ്പെട്ടു എന്നത് മാത്രമല്ല, അധസ്ഥിതരായ, വനസംരക്ഷണത്തിന്റെ കാവലായുള്ള ലക്ഷകണക്കിന് ഗോത്രവർഗ്ഗങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടു. പരിസ്ഥിതി ആഘാതപഠനങ്ങളും, പബ്ളിക് ഹിയറിംഗുമെല്ലാം തന്നെ അട്ടിമറിക്കപ്പെട്ടു. എവിടെയെങ്കിലും കാട് സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ അത് ജനങ്ങളുടെ ശക്തമായ ചെറുത്ത് നിൽപ്പുകൊണ്ട് മാത്രമാണ്. അവശേഷിക്കുന്ന വനങ്ങളുടെ നാശം വന്യജീവിസമ്പത്തിനെയും ജലലഭ്യതയെയും സാരമായി ബാധിച്ചിരിക്കുന്നു. കാലാവസ്ഥ വ്യതിയാനം അതിന്റെ പാരമ്യത്തിലേക്ക് നീങ്ങികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വനാവകാശനിയമം അനുശാസിക്കുന്ന ഗ്രാമസഭകളുടെ (ഊരുസഭ) അനുവാദത്തിന് നില വിലുള്ള വനങ്ങളുടെ സംരക്ഷണത്തിന് പ്രധാന പങ്ക് വഹിക്കാൻ കഴിയും. 2006 ന് ശേഷം ഗ്രാമസഭകളുടെ (ഊരുസഭ) അനുവാദമില്ലാതെ അനുമതിക്കുകയാണ്. കൽക്കരിഖനനം നിർത്തലാക്കികൊണ്ടുള്ള സുപ്രീംകോടതി വിധി നിർണാ

വോട്ട് ചെയ്യുന്നതിനപ്പുറം തീരുമാനങ്ങളെടുക്കാൻ സാധാരണ ജനങ്ങൾക്ക് അധികാരമില്ലാത്ത ജനാധിപത്യ വ്യവസ്ഥിതിക്ക് യഥാർത്ഥദിശയിലുള്ള മാറ്റമായി വന്ന ആദ്യത്തെ നിയമമായിരിക്കും വനാവകാശ നിയമം. നാട്ടിലുള്ള പാടശേഖങ്ങളും, പുഴയും പൊതുസ്ഥലങ്ങളും, കാടും എന്ന് വേണ്ട സ്വന്തം താമസസ്ഥലം എന്ന പേരിൽ സ്വകാര്യ കമ്പനികൾക്ക് കൈമാറ്റം ചെയ്യപ്പെടുമ്പോൾ സമരം ചെയ്യുക എന്നല്ലാതെ ഒന്നും ചെയ്യാൻ കഴിയാതിരിക്കുകയാണ് ഇന്ന് ജനങ്ങൾ. ജനാധിപത്യം അവിടെ നിഷ്ക്രിയമായിരിക്കുന്നു. എന്നാൽ വനാവകാശ നിയമത്തിലെ വനഭൂമി വനഭൂമിയല്ലാതായി മാറുമ്പോൾ അവിടെ തീരുമാനങ്ങൾ കൈകൊള്ളാൻ ഗ്രാമസഭകൾക്ക് ലഭ്യമായിരിക്കുന്ന വിവേചനാധികാരം ഇന്ത്യൻ ജനാധിപത്യത്തിന് തന്നെ ആശാവഹമാണ്. ഇത്തരം അധികാരം തീരപ്രദേശത്തേക്കും, മറ്റുമുള്ളപ്രദേശങ്ങളിലേക്കും ബാധകമാക്കുക എന്നതാണ് നമ്മൾ ചെയ്യേണ്ടത്.

**ഡോ. കെ. എച്ച്. അമിതാബച്ചൻ**



## 1.2. വനാവകാശ നിയമത്തിന്റെ ചരിത്രപശ്ചാത്തലം.

വനത്തിന്റെ ഉടമസ്ഥാവകാശം കമ്മ്യൂണിറ്റിക്കായിരുന്ന കാലഘട്ടം.

↓

തദ്ദേശ ഭരണ കൂടങ്ങളുടെ ഇടപെടൽ മൂലം വനത്തിന്മേലുള്ള ജനങ്ങളുടെ അവകാശം എടുത്തുമാറ്റപ്പെട്ട കൊളോണിയൽ കാലഘട്ടം.

↓

കാപ്പി, തേയില തോട്ടങ്ങളുടെ ആരംഭം,
വനപരിവർത്തനങ്ങളുടെ ആരംഭം.

↓

ഇന്ത്യൻ വന നിയമം 1927

↓

വനത്തിന്റെ അവകാശം സംസ്ഥാന സർക്കാറിലേക്ക് കൈമാറുന്നു.
വനങ്ങളുടെ വൻതോതിലുള്ള കൈമാററം.

ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ടുകൾ, പ്ലാന്റേഷനുകൾ, കൃഷിക്കായുള്ള കൈമാറ്റം.

↓

വനസംരക്ഷണ നിയമം 1980.

↓

വനം വനമല്ലാതാക്കി മാറ്റുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാറിൽനിന്നു കേന്ദ്ര സർക്കാറിന്റെ അനുവാദം അവശ്യമായുള്ള ഒരു 'കൺകറണ്ട് ലിസ്റ്റി' ലേക്ക് മാറുന്നു.

ജൈവവൈവിധ്യ സംരക്ഷണങ്ങളുടെ തുടക്കം – പങ്കാളിത്ത വന സംരക്ഷണ ത്തിനു വേണ്ടിയുള്ള പ്രചാരണം.

↓



**ദേശീയ വന നയം (National Forest Policy) 1988**

(കാടും ആദിവാസിയും തമ്മിലുള്ള അഭേദ്യമായ പരസ്പരപൂരിതമായ ബന്ധം, പരമ്പരാഗത അവകാശങ്ങളുടെ സംരക്ഷണം, സംയോജിത വികസന പരിപാടികൾ, ഫോറസ്റ്റ് വില്ലേജുകളെ റവന്യൂ വില്ലേജിന് തുല്ല്യമാക്കൽ)

↓

**വനാവകാശ നിർണ്ണയത്തിന് (ദേശീയ വന നയം) പുത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (1990)**

(പഴയ കൈയ്യേറ്റങ്ങളെ അംഗീകരിക്കൽ, തർക്കത്തിനുള്ള അവകാശങ്ങൾ അംഗീകരിക്കൽ, തർക്കത്തിലുള്ള പട്ടയം, ലിസ്റ്റ്, ഗ്രാന്റ് എന്നിവ അംഗീകരിക്കൽ, വനവില്ലേജുകളെ റവന്യൂവില്ലേജുകളാക്കൽ)

↓

**വി.എസ്.എസ് കളുടെയും ഇ.ഡി.സി കളുടെയും രൂപവൽകരണം.**

↓

**ഇന്ത്യൻ ബയോഡൈവേഴ്സിററി നിയമം, 2003**

↓

**പട്ടികഗോത്രവർഗ്ഗക്കാരും മറ്റു വനവാസികളും വനാവകാശം അംഗീകരിക്കൽ നിയമം, 2006**

↓

**സാമൂഹികാധിഷ്ഠിത വനസംരക്ഷണം.**




10

## 1.3 വനാവകാശ നിയമം 2006: ഒരു അവലോകനം

<u>പട്ടിക ഗോത്രവർഗ്ഗ, പരമ്പരാഗത വനവാസി വനാവകാശ നിയമം 2006</u>

കേന്ദ്രവനനിയമത്തിന്റെയും, വന്യജീവി സംരക്ഷണ നിയമത്തിന്റെയും തുടർച്ചയായാണ് വനാവകാശനിയമം 2006 നിലവിൽ വന്നത്. വനാവകാശ നിയമം ബില്ല് പാർലമെന്റിന്റെ രണ്ട് സഭകളിലും പാസ്സായത് 29 ഡിസംബർ 2006നാണ്. നിയമം 2/ 2007 എന്ന് സ്റ്റാറ്റ്യൂട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. 31-12-2007 ലാണ് ഈ നിയമം പ്രാബല്യത്തിലായത്.

ഈ നിയമത്തിന് ഒരു അവതാരികയും ആറ് അദ്ധ്യായങ്ങളുമാണ് ഉള്ളത്. അവതാരികയിൽ നിയമം പ്രാബല്യത്തിൽ വരാനുള്ള കാരണവും., പ്രത്യേകിച്ച് കഴിഞ്ഞ കാലങ്ങളിൽ പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും, പരമ്പരാഗത വനവാസികൾക്കും നേരെ ഉണ്ടായ 'ചരിത്രപരമായ നീതി നിഷേധം' തിരുത്താൻ എന്ന് പരാമർശിക്കുന്നു.

അദ്ധ്യായം ഒന്ന് "പ്രാരംഭത്തിൽ" രണ്ട് വകുപ്പുകളിലും 17 ഉപവകുപ്പുകളിലുമായി നിയമത്തിൽ പരാമർശിച്ചിട്ടുള്ള എല്ലാ പ്രധാന പദങ്ങളെയും, ഇന്ത്യയിലെ ജമ്മുകാശ്മീർ ഒഴികെ എല്ലായിടത്തും ഗസറ്റ് വിജ്ഞാപനം വന്ന തിയ്യതി (31-12-2007) മുതൽ പ്രാബല്യത്തിലാവുമെന്നും പ്രതിപാദിച്ചിരിക്കുന്നു.

അദ്ധ്യായം രണ്ടിൽ വകുപ്പ് 3 ൽ രണ്ട് ഉപവകുപ്പുകളിലായി ഈ നിയമ പ്രകാരം ഗോത്രവർഗ്ഗക്കാർക്ക് സാദ്ധ്യമാകുന്ന അവകാശങ്ങളെ പ്രതിപാദിച്ചിരിക്കുന്നു. ആയതിനാൽ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായമാണിത്. ഇതിൽ വകുപ്പ് 3 ഉപവകുപ്പ് (1) a മുതൽ m വരെ 13 വ്യത്യസ്ഥ വാക്യങ്ങളിലായി വ്യക്തിഗതവും സാമൂഹികമായ അവകാശങ്ങൾ കൊടുത്തിരിക്കുന്നു. വകുപ്പ് 3 (2) ൽ ഗോത്രവർഗ്ഗക്കാരുടെ വികസന പ്രവർത്തനങ്ങൾക്കായുള്ള അവകാശങ്ങൾ കൊടുത്തിരിക്കുന്നു.

അദ്ധ്യായം മൂന്നിൽ വകുപ്പ് 4 ൽ വനാവകാശങ്ങൾ തിരിച്ചറിയൽ, പുനസ്ഥാപനം, പതിച്ച് നൽകൽ എന്നീകാര്യങ്ങൾ പരാമർശിച്ചിരിക്കുന്നു. വകുപ്പ് 5 ൽ വനം വന്യജീവി ജൈവവൈവിധ്യ സംരക്ഷണത്തിന് വനാവകാശികളുടെ ഉത്തരവാദിത്തത്തെ പരാമർശിച്ചിരിക്കുന്നു.

അദ്ധ്യായം നാലിൽ വകുപ്പ് 6 പ്രകാരം ഉദ്യോഗസ്ഥരും, നടപടി ക്രമങ്ങളും വിശദീകരിച്ചിരിക്കുന്നു.

അദ്ധ്യായം 5 ൽ വകുപ്പ് 7, 8 ൽ കുറ്റകൃത്യങ്ങളും പിഴ (ശിക്ഷ)കളും പ്രതിപാദിച്ചിരിക്കുന്നു.

അദ്ധ്യായം 6 പലവകയായി വകുപ്പ് 9 പ്രകാരം ഇതിനധികാരപ്പെട്ട ഉദ്യോഗസ്ഥർ പബ്ലിക്ക് സെർവന്റ് ആണെന്നും, നടപ്പിലാക്കുന്ന നടപടികളിൽ അവയുടെ സംരക്ഷണം (വകുപ്പ്10), നോഡൽ ഏജൻസി (വകുപ്പ് 11), കേന്ദ്രഗവൺമെന്റിന്റെ അധികാരങ്ങൾ (12), നിയമത്തിന്റെ സ്വഭാവം (13), ചട്ടങ്ങളുണ്ടാക്കാനുള്ള അധികാരം (14) എന്നിവ പരാമർശിച്ചിരിക്കുന്നു.

2008 ലാണ് ഇതിനായി ചട്ടങ്ങൾ രൂപീകരിച്ചത്. എന്നാൽ വ്യക്തതകൾക്കായി (ഉദാഹരണമായി സാമൂഹിക വനവിഭവ മേഖല) ചട്ടങ്ങൾ പുതുക്കി 2012 നിലവിൽ വന്നിട്ടുണ്ട്. നിയമത്തിലെ ഉദ്യോഗസ്ഥർ, കമ്മറ്റികൾ, ചുമതലകൾ, നടപ്പിലാക്കൽ മുതലായവയുടെ വിശദമായ നിർദ്ദേശങ്ങൾ ചട്ടത്തിലാണ് ഉള്ളത്.



# 2. വ്യക്തിഗത അവകാശങ്ങളും നടപടിക്രമങ്ങളും.





# അദ്ധ്യായം - 2 വ്യക്തിഗത അവകാശങ്ങളും നടപടി ക്രമങ്ങളും

## 2.1 വ്യക്തിഗത അവകാശങ്ങൾ.

വനത്തിൽ താമസിക്കുന്ന പട്ടിക ഗോത്രവർഗ്ഗങ്ങൾക്കും മറ്റു പരമ്പരാഗത വനവാസികൾക്കും വ്യക്തിപരമായി വനഭൂമി കൈവശം വയ്ക്കുന്നതിനും സ്വയം കൃഷി ചെയ്യുന്നതിനുമുള്ള അവകാശങ്ങളെയാണ് വ്യക്തിഗത അവകാശങ്ങൾകൊണ്ട് അർത്ഥമാക്കുന്നത്. നിയമം, വകുപ്പ് 3(1) (a).

2005 ഡിസംബർ 13 നു മുമ്പ് കൈവശമിരിക്കുന്ന ഭൂമിയ്ക്കു മാത്രമേ ഈ നിയമപ്രകാരം അവകാശം ലഭ്യമാവുകയുള്ളു. നിയമം, വകുപ്പ് 4 (3)

ഇപ്രകാരം ലഭിക്കുന്ന അവകാശങ്ങൾ പരമ്പരാഗതമായി കൈമാറ്റം ചെയ്യാവുന്നതും എന്നാൽ നഷ്ടപ്പെടുത്താനും മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. നിയമം, വകുപ്പ് 4 (4)

ഇങ്ങനെ ലഭിക്കുന്ന ഭൂമിയുടെ വിസ്തൃതി വ്യക്തി, കുടുംബം അല്ലെങ്കിൽ സമൂഹം കൈവശം വച്ചനുഭവിക്കുന്ന അത്രയും ലഭിക്കാവുന്നതും എന്നാൽ അതിന്റെ പരമാവധി വിസ്തൃതി 4 ഹെക്ടറിൽ കൂടാൻ പാടില്ലാത്തതുമാണ്. (നിയമം, വകുപ്പ് 4 (6))

**താഴെ പറയുന്ന രണ്ടു അവകാശങ്ങളും ഇവിടെ പ്രസക്തമാണ്**

- നിയമപരമായ പുനരധിവാസ നടപടിക്രമങ്ങളിലൂടെയല്ലാതെ 2005 ഡിസംബർ 13നു മുൻപ് ആദിവാസികളെ അവരുടെ പരമ്പരാഗതസ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കുകയോ പുറത്താക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, പകരം ഭൂമിയോടുകൂടി വാസസ്ഥലങ്ങളിലേക്ക് പുനരധിവസിപ്പിക്കേണ്ടതാണ് നിയമം, വകുപ്പ് 3 (1) (m)

- ഏതെങ്കിലും പദ്ധതിയ്ക്കുവേണ്ടി വനവാസികളെ അവരുടെ വാസസ്ഥലത്തു നിന്നും കുടിയൊഴിപ്പിക്കുകയും 5 വർഷത്തോളം പദ്ധതി നടപ്പിലാകാതിരിക്കുകയും ചെയ്താൽ നിയമപ്രകാരം ആദിവാസികൾക്ക് ഈ ഭൂമി തിരികെ കൊടുക്കേണ്ടതുമാണ് നിയമം, വകുപ്പ് 4 (8).





## 2.2 ഉത്തരവാദിത്തപ്പെട്ട കമ്മറ്റികളും ഉദ്യോഗസ്ഥരും നടപടിക്രമങ്ങളും.

ചുമതല വഹിക്കേണ്ടവർ

1.ഊരുകൂട്ടം അഥവാ ഗ്രാമസഭ [GS]

2.വനാവകാശ കമ്മറ്റി അംഗങ്ങൾ [FRC]

3.സബ്ഡിവിഷണൽ ലെവൽ കമ്മറ്റി [SDLC]

4.ഡിവിഷണൽ ലെവൽ കമ്മറ്റി [DLC]

ഇതിൽ പട്ടികവർഗ്ഗ, വനം, റവന്യു വകുപ്പുകളും ത്രിതല പഞ്ചായത്ത് പ്രതിനിധികളും ഉൾപ്പെടുന്നു.

നടപടി ക്രമങ്ങൾ

**ഗ്രാമസഭ / ഊരുകൂട്ടം (GS)**

- ഗ്രാമസഭ അഥവാ ഊരുകൂട്ടം വിളിച്ചുകൂട്ടുകയും വനാവകാശകമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്യുക.
- വ്യക്തിഗത ആനുകൂല്യങ്ങൾക്കായി അപേക്ഷ ക്ഷണിക്കുകയും അർഹരായ അവകാശവാദികളെ വിളിച്ചുകൂട്ടുന്നതിനും വനാവകാശ നിയമത്തിലെ ഫോറം ഓരോ കുടുംബത്തിനും വേണ്ടി പൂരിപ്പിച്ച് വാങ്ങുന്നതിനും സ്ഥലത്തിന്റെ ഭൂപടവും രേഖകളും തയ്യാറാക്കുന്നതിനും വനാവകാശകമ്മറ്റി അംഗങ്ങളെ ചുമതലപ്പെടുത്തുക.

**വനാവകാശ കമ്മറ്റി (FRC)**

- വ്യക്തിഗത അവകാശത്തിനുള്ള അപേക്ഷ ഫോറം (എ) പൂരിപ്പിച്ച് വാങ്ങുക.
- തെളിവുകളും സ്ഥലത്തിന്റെ ഭൂപടവും തയ്യാറാക്കുക.
- വ്യക്തിഗത അവകാശവാദികളുടെ ലിസ്റ്റുകൾ തയ്യാറാക്കുക.
- വനാവകാശ കമ്മിറ്റി അംഗങ്ങളുടെ കണ്ടെത്തലുകളും അപേക്ഷയുടെ സ്വഭാവവും വിസ്തൃതിയും ഗ്രാമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുക.
- ഊരുകൂട്ടത്തിലെ (ഗ്രാമസഭ) വ്യക്തിഗത അവകാശവാദികളുടെ ലിസ്റ്റിനോടൊപ്പം അപേക്ഷകളും മറ്റു രേഖകളും വനാവകാശകമ്മിറ്റി ഗ്രാമസഭ (ഊരുകൂട്ടം) യിൽ വച്ച് സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- വനാവകാശ കമ്മിറ്റിയുടെ അംഗങ്ങളുടെ കണ്ടെത്തലുകളും അപേക്ഷയുടെ സ്വഭാവവും വിസ്തൃതിയും ഗ്രാമസഭയുടെ (ഊരുകൂട്ടം) അംഗീകാരത്തിനായി സമർപ്പിക്കുക..
- അപേക്ഷകൾ സ്വീകരിച്ചതായി വനാവകാശ കമ്മിറ്റി എഴുതികൊടുക്കേണ്ടതാണ്. [ചട്ടം (വകുപ്പ് 11 (3))].

**ഗ്രാമസഭയും വനാവകാശകമ്മിറ്റിയും**

മുൻകൂർ നോട്ടീസോടു കൂടി ഗ്രാമസഭ (ഊരുകൂട്ടം) കൂടുകയും വനാവകാശ കമ്മിറ്റി സ്വീകരിച്ചംഗീകരിച്ച അപേക്ഷകളും കണ്ടെത്തലുകളും പ്രമേയം പാസാക്കി അംഗീകരിച്ച് സബ് ഡിവിഷണൽ ലെവൽ കമ്മിറ്റിക്കു കൈമാറുക [ചട്ടം വകുപ്പ് 11 (5)]

**ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

അതാത് പഞ്ചായത്തുകളുടെ സെക്രട്ടറി തന്നെയായിരിക്കും ഗ്രാമസഭയുടെ (ഊരുകൂട്ടം) സെക്രട്ടറി [ചട്ടം വകുപ്പ് 11 (6)]

ആയതിനാൽ അപേക്ഷകളും പ്രമേയത്തിന്റെ കോപ്പിയും സഹിതം കവറിംഗ് ലെറ്ററോടു കൂടി സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC)ക്ക് സമർപ്പിക്കുവാനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഇതു സമർപ്പിക്കുന്നതു നന്നായിരിക്കും.

**ഗവൺമെന്റ് അധികാരികളുടെ ചുമതല**

ഗ്രാമസഭയിൽ (ഊരുകൂട്ടം) നിന്നോ വനാവകാശകമ്മിറ്റി അംഗങ്ങളിൽ നിന്നോ രേഖാമൂലം അപേക്ഷ കിട്ടുന്ന പ്രകാരം ആധികാരികമായ രേഖകളും പ്രമാണങ്ങളും ബന്ധപ്പെട്ട അധികാരികൾ ആവശ്യമെങ്കിൽ വിശദീകരണത്തോടൊപ്പം അധികാരപ്പെട്ടൊരു ഉദ്യോഗസ്ഥൻ മുഖാന്തരം നൽകേണ്ടതാണ്.

**സമയനിബന്ധന**

അപേക്ഷകൾക്കായുള്ള ആദ്യത്തെ ഗ്രാമസഭ (ഊരുകൂട്ടം) വിളിച്ചുകൂട്ടി മൂന്ന് മാസത്തിനുള്ളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

**അവകാശവാദങ്ങളുടെ പരിശോധന**

- വനാവകാശ നിയമത്തിലെ ചട്ടം 12 (1) പ്രകാരം വനാവകാശകമ്മറ്റി (FRC) കൾക്കാണ് അപേക്ഷകൾ സമർപ്പിച്ചുറപ്പിക്കേണ്ടതിന്റെ ചുമതല.
- അപേക്ഷകനെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെയും അറിയിച്ചതിനു ശേഷമായിരിക്കണം വനാവകാശ കമ്മിറ്റി അപേക്ഷയുടെ മേലുള്ള പരിശോധന നടത്തേണ്ടത്.
- സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന്റെ സ്വഭാവവും വിസ്തൃതിയും സ്ഥാനീയ തെളിവുകളും പരിശോധിക്കുകയും ചെയ്യുക.
- അപേക്ഷകനിൽ നിന്നോ സാക്ഷികളിൽ നിന്നോ കൂടുതൽ തെളിവുകളെന്തെങ്കിലുമുണ്ടെങ്കിൽ സ്വീകരിക്കുക.
- നാടോടികളായിട്ടുള്ളവരുടെയും പ്രാക്തന ഗോത്രവർഗ്ഗത്തിന്റെയും കാർഷിക പാരമ്പര്യമില്ലാത്ത ആദിവാസികളുടെയും കാര്യത്തിൽ അവരോ അവരുടെ പ്രതിനിധികളോ പരിശോധന സമയത്ത് ഉണ്ടാകേണ്ടത് നിർബന്ധമാണ്. (ചട്ടം 12 (1) c,d)

- ഓരോ അപേക്ഷകളുടെയും സ്ഥലത്തെ വേർതിരിക്കുന്ന, തിരിച്ചറിയാൻ സാധിക്കുന്ന അടയാളങ്ങളോടു കൂടിയ ഭൂപടം തയ്യാറാക്കുക ചട്ടം 12 (1) (e).
- വനാവകാശ കമ്മറ്റി (FRC) കമ്മിറ്റിയുടെ കണ്ടെത്തലുകൾ അപേക്ഷയിൽ രേഖപ്പെടുത്തുകയും ഗ്രാമസഭയ്ക്ക് (ഊരുകൂട്ട സമർപ്പിക്കുകയും ചെയ്യുക.

**വനാവകാശ നിയമപ്രകാരം വ്യക്തിഗത വനാവകാശം അംഗീകരിക്കൽ**

1. വനാവകാശ കമ്മറ്റിയിൽ (FRC) നിന്ന് അറിയിപ്പ് ലഭിച്ചതിനുശേഷം ഫോറസ്റ്റ് റവന്യൂ ഡിപ്പാർട്ട്മെന്റിലെ അധികാരികൾ അവകാശങ്ങൾ അംഗീകരിക്കുന്നതിനും സ്ഥലത്തെ സംബന്ധിച്ച തെളിവുകൾ പരിശോധിക്കുന്നതിനും ഹാജരാക്കേണ്ടതും നടപടിക്രമങ്ങളുടെ വിവരങ്ങളിൽ ഉദ്യോഗസ്ഥരുടെ പേരും തിയ്യതിയും അഭിപ്രായ ങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. (ചട്ടം, വകുപ്പ് 12 A (1)

2. പരിശോധനാസമയത്ത് ഫോറസ്റ്റ് റവന്യൂ അധികാരികൾ അവിടെ ഇല്ല എന്ന കാരണത്താൽ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ വനം/ റവന്യൂ അധികാരി കൾ ഉന്നയിച്ചാൽ ഗ്രാമസഭയിലേക്ക് (ഊരുകൂട്ടം) പുനപരിശോധനയ്ക്കായി അയ ക്കേണ്ടതും പരിശോധനാ സമയത്ത് വീണ്ടും വനം/ റവന്യൂ വകുപ്പുദ്യോഗസ്ഥർ സന്നിഹിതരല്ലെങ്കിൽ ഗ്രാമസഭയുടെ പരിശോധന തീരുമാനം അന്തിമമായിരിക്കും. (ചട്ടം, വകുപ്പ്, 12 A (2))

3. ഗ്രാമസഭ (ഊരുകൂട്ടം) അംഗീകരിച്ച് വനാവകാശ കമ്മറ്റികൾ (FRC)പരിശോ ധിച്ച അപേക്ഷകൾ ഗ്രാമസഭയുടെ അംഗീകാരത്തോടും പ്രമേയത്തോടുമൊപ്പം സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) യ്ക്ക് കൈമാറുകയും സബ്ഡിവിഷ ണൽ ലെവൽ കമ്മറ്റി (SDLC) അത് അംഗീകരിച്ച് അവകാശങ്ങൾ അവസാന തീരു മാനത്തിനായി ജില്ലാതല കമ്മറ്റി (DLC) യ്ക്കു നിർദ്ദേശിച്ചു കൈമാറേണ്ടതും, ജില്ലാ തല കമ്മറ്റി (DLC) തീരുമാനമെടുത്ത് രേഖകൾ നൽകേണ്ടതുമാണ്. (ചട്ടം, വകുപ്പ് 12 A (3)

**അവകാശവാദങ്ങൾ ഏതെങ്കിലും തരത്തിൽ നിഷേധിക്കപ്പെട്ടാൽ അപേക്ഷകന് പരാതി നൽകുന്നതിനെ സംബന്ധിച്ച്–**

ഏതെങ്കിലും അവകാശവാദത്തിൻമേൽ മാറ്റം വരുത്തുന്നതിനോ തിരസ്കരി ക്കുന്നതിനോ ഗ്രാമസഭ (ഊരുകൂട്ടം) യെടുക്കുന്ന തീരുമാനവും, ഏതെങ്കിലും അവ കാശവാദം മാറ്റം വരുത്തുന്നതിനോ തിരസ്കരിക്കുന്നതിനോ ജില്ലാതല കമ്മറ്റിയെടു ക്കുന്ന നിർദ്ദേശമോ, അപേക്ഷകനെ വ്യക്തിപരമായി തന്നെ അറിയിക്കേണ്ടതും അത് പ്രകാരമുളള പരാതികൾ കേൾക്കുന്നതിന് സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) അല്ലെങ്കിൽ ജില്ലാ തല കമ്മറ്റി അറുപതു ദിവസത്തിനുളളിൽ അവശ്യമെ

ങ്കിൽ (മുപ്പതു ദിവസം കൂടി നീട്ടികിട്ടാവുന്നതും) പരാതി കേൾക്കേണ്ടതാണ്.

അപേക്ഷകന്റെ ന്യായം കേൾക്കാൻ കൃത്യമായ അവസരം നൽകാതെ ഒരു പരാതിയും തീർപ്പാക്കാൻ പാടുള്ളതല്ല. (ചട്ടം, വകുപ്പ് 12 A (5))

ഗ്രാമസഭ (ഊരുകൂട്ടം) അല്ലെങ്കിൽ സബ് ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC)യുടെ തീരുമാനത്തെ ഏതെങ്കിലും ഏജൻസികൾ എതിർക്കുന്നുണ്ടെങ്കിൽ അവർക്ക് സബ് ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC)മുഖേനയോ ജില്ലാ തല കമ്മറ്റി (DLC) മുഖേനയോ പരാതി കൊടുക്കാം. പരാതി കേട്ടതിനുശേഷം കമ്മറ്റിക്കു അവരുടെ അഭാവത്തിൽ തന്നെ തീരുമാനമെടുക്കാവുന്നതാണ്. (ചട്ടം, വകുപ്പ് 12 A (4))



## 2.3 ചോദ്യോത്തരങ്ങൾ

- വനാവകാശ നിയമപ്രകാരം വ്യക്തിഗത വനാവകാശം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്?

വനാവകാശകമ്മിറ്റികളുടെ സഹായത്തോടെ അപേക്ഷകൾ പൂരിപ്പിച്ച് ഊരുകൂട്ട (ഗ്രാമസഭ) ത്തിൽ സമർപ്പിക്കുകയും, ഊരുകൂട്ടം (ഗ്രാമസഭ) അത് അംഗീകരിച്ച് പ്രമേയം പാസാക്കി സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) യ്ക്ക് കൈമാറുകയും സബ്ഡിവിഷണൽ ലെവൽ (SDLC) കമ്മിറ്റിയിലെ വനം റവന്യൂ വകുപ്പുകളുടെ സഹായത്തോടെ വനാവകാശകമ്മിറ്റി അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തെളിവു സഹിതം പരിശോധിച്ച് ജില്ലാ കമ്മിറ്റി (DLC)ക്ക് കൈമാറുകയും ജില്ലാതല കമ്മിറ്റി (DLC)ഗ്രാമസഭയുടെ തീരുമാനത്തിന് അവസാന അംഗീകാരം നൽകുകയുമാണ് ചെയ്യുന്നത്.

- വനാവകാശം കൃത്യമായി തീരുമാനിക്കപ്പെടാത്തിടത്തോളം ഗോത്രവർഗ്ഗക്കാരെ ഏതെങ്കിലും ഒരു പദ്ധതിയ്ക്കു വേണ്ടിയോ ഒരു നിയമത്തിന്റെ പേരിലോ കുടിയൊഴിപ്പിക്കാൻ പാടുണ്ടോ?

വനാവകാശനനിയമപ്രകാരമുള്ള അവകാശങ്ങൾ അംഗീകരിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാകാതെ ഒരു പദ്ധതിയുടെ പേരിലോ, മറ്റു നിയമത്തിന്റെ പശ്ചാത്തലത്തിലോ ആദിവാസികളെ കുടിയൊഴിപ്പിക്കാൻ പാടുള്ളതല്ല നിയമം, വകുപ്പ് 4 (8)

- മുൻപെപ്പോഴെങ്കിലും പരമ്പരാഗതമായി ജീവിച്ചുവന്ന ഭൂമിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികൾക്ക് ഈ നിയമപ്രകാരം ഏതെങ്കിലും തരത്തിലുള്ള അവകാശം സാധ്യമാണോ?

നിയമപരമായ പുനരധിവാസ നടപടിക്രമങ്ങളിലൂടെയല്ലാതെ 2005 ഡിസംബർ 13നു മുൻപ് ആദിവാസികളെ അവരുടെ പരമ്പരാഗതസ്ഥലങ്ങളിൽ നിന്ന് ഒഴിവാക്കുകയോ പുറത്താക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, പകരം ഭൂമിയോടുകൂടി വാസസ്ഥലങ്ങളിലേക്ക് പുനരധിവസിപ്പിക്കേണ്ടതാണ് നിയമം, വകുപ്പ് 3 (1) (m)

ഏതെങ്കിലും പദ്ധതിയ്ക്കുവേണ്ടി വനവാസികളെ അവരുടെ വാസസ്ഥലത്തു നിന്നും കുടിയൊഴിപ്പിക്കുകയും 5 വർഷത്തോളം പദ്ധതി നടപ്പിലാകാതിരിക്കുകയും ചെയ്ത്താൽ നിയമപ്രകാരം ആദിവാസികൾക്ക് ഈ ഭൂമി തിരികെ കൊടുക്കേണ്ടതുമാണ് നിയമം, വകുപ്പ് 4 (8).

- ഈ നിയമപ്രകാരം സർക്കാരോ മറ്റു പ്രാദേശിക ഭരണകൂടങ്ങളൊ ആദിവാസിക്ക് നൽകിയിട്ടുള്ള പട്ടയമോ ലീസോ അവർക്ക് തന്നെ ലഭിക്കുമോ?

പ്രാദേശിക സംസ്ഥാന സർക്കാരോ മറ്റ് അധികാരികളോ ആദിവാസിയ്ക്ക് വനഭൂമിയിൽ നൽകിയിട്ടുള്ള പട്ടയമോ, ലീസോ, പണയമോ ഉപഹാരമോ ഭൂമിയെ കൈവശപ്പെടുത്താനുള്ള രേഖയായി അവർക്ക് കണക്കാക്കാവുന്നതാണെന്നും നിയമം, വകുപ്പ് 3 (1) (g)പറയുന്നു.

- തർക്കത്തിന്മേലുള്ള വനഭൂമിയുടെ അവകാശം ഈ നിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമാവുമോ?

വ്യക്തികൾ തമ്മിലോ, വ്യക്തികളും ഗവൺമെന്റും തമ്മിലോ സംസ്ഥാന ഗവൺമെന്റും തമ്മിലോ ഉള്ള ഏതു തരത്തിലുള്ള തർക്കഭൂമിയിൻമേലുള്ള അവകാശവും നിയമം, വകുപ്പ് 3 (1) (f) പ്രകാരം വനവാസികൾക്ക് ലഭിക്കാവുന്നതാണ്.

- ഇത്തരത്തിലുള്ള അവകാശങ്ങൾ ലഭിക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട്, 1980 പ്രകാരമുള്ള ഫീസിന്റെയോ, മറ്റു നടപടിക്രമങ്ങളുടെയോ ആവശ്യമുണ്ടോ?

ഈ അവകാശങ്ങൾ ലഭ്യമാക്കുന്നതിന് ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 പ്രകാരമുള്ള നെറ്റ് പ്രസന്റ് വാല്യു (NPV) അടയ്ക്കുന്നതിനോ കോമ്പൻസേറ്ററി അഫോർസ്റ്റേഷൻ നടപ്പിലാക്കുന്നതിനോ അത്തരം നടപടിക്രമങ്ങളൊന്നും തന്നെയോ ആവശ്യമില്ല നിയമം, വകുപ്പ് 4 (7).

- വ്യക്തിഗത അവകാശപ്രകാരം കിട്ടുന്ന ഭൂമി സ്വയം കൃഷിക്കല്ലാതെ മറ്റെന്തെങ്കിലും ആവശ്യങ്ങൾക്കു ഉപയോഗിക്കാൻ സാധിക്കുമോ?

പുതുക്കിയ ചട്ടം 12 (A) 8 പ്രകാരം സ്വയം കൃഷിയ്ക്കല്ലാതെ കൃഷിയുടെ അനുബന്ധ പ്രവർത്തനങ്ങൾക്ക്, അതായത് കന്നുകാലികളെ സൂക്ഷിക്കുന്നതിന്, വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾക്ക്, നെല്ലറ നിർമാണത്തിന്, മരങ്ങൾ നടുന്നതിന്, സംരക്ഷണത്തിന് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

- <u>നിർദ്ദേശം</u>

വ്യക്തിപരമായിട്ടുള്ള ഭൂമി ഇപ്പോൾ കൈവശമിരിക്കുന്നതും അത് 4 ഹെക്ടറിൽ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ ഊരിൽ ബാക്കി വരുന്ന ഭൂമി നിയമപ്രകാരം പൊതുഭൂമിയായി നിലനിർത്താവുന്നതാണ്.

# 3. ഗോത്രവർഗ്ഗങ്ങൾക്കുള്ള സാമൂഹിക അവകാശങ്ങളും നടപടിക്രമങ്ങളും.





# അദ്ധ്യായം - 3 ഗോത്രവർഗ്ഗങ്ങൾക്കുള്ള സാമൂഹിക അവകാശങ്ങളും നടപടിക്രമങ്ങളും.

## 3.1 സാമൂഹിക അവകാശങ്ങൾ.

സാമൂഹികമായി ജീവിക്കുന്ന ഗോത്രവർഗ്ഗക്കാർക്കും മറ്റു പരമ്പരാഗത വനവാസികൾക്കും ആവാസവ്യവസ്ഥയും വനത്തിന്മേലുള്ള അവകാശവും നഷ്ടമാവാതിരിക്കാനാണ് സാമൂഹിക അവകാശങ്ങൾ വനാവകാശനിയമത്തിൽ ഉൾപ്പെടുത്തിരിയിരിക്കുന്നത്.

നിയമപ്രകാരം വനത്തിലെ വിഭവങ്ങളുടെ അവകാശവും നിരീക്ഷണ-സംരക്ഷണചുമതലയും ആദിവാസികൾക്കും മറ്റു പരമ്പരാഗത വനവാസികൾക്കുമാണ്.

1. നിസ്താരി പോലുള്ള ഏത് പേരിൽ അറിയപ്പെടുന്നതുമായ സാമൂഹിക അവകാശങ്ങൾ (രാജാക്കന്മാർ, പ്രഭുക്കന്മാർ, അതിനിടയിൽ വന്നിട്ടുള്ള ഭരണകർത്താക്കൾ അംഗീകരിച്ചനുവദിച്ച അവകാശങ്ങൾ (നിയമം വകുപ്പ് 3(1) (b))

(ഉദാ: കാണിക്കാർക്ക് മാർത്താണ്ഡവർമ്മ മഹാരാജാവ് അനുവദിച്ച അവകാശങ്ങൾ)

## 3.2 വനവിഭവങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശം

2. ചെറുകിട വനവിഭവങ്ങളുടെ മേലുള്ള ഉടമസ്ഥാവകാശവും അവ ശേഖരിക്കുന്നതിനും ഉപയോഗിക്കുന്നതിനും സംസ്കരിച്ചോ അല്ലാതെയോ വില്ലേജിനകത്തോ പുറത്തോ വിപണനം ചെയ്യുന്നതിനുമുള്ള അവകാശം (നിയമം വകുപ്പ് 3(1) (c))

വ്യക്തിപരമായോ കൂട്ടമായോ വനവിഭവങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും, മൂല്യവർദ്ധനം നടത്തുന്നതിനും സാധ്യമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് വില്ലേജിനകത്തോ പുറത്തോ വിപണനം നടത്തുന്നതിനും അവരുടെ സഹകരണ സ്ഥാപനങ്ങൾക്കോ ജീവിതോപായ ഫെഡറേഷനുകൾക്കോ അസ്സോസിയേഷനുകൾക്കോ ഉള്ള അവകാശം. (ചട്ടം, വകുപ്പ് 2(1) (d).

3. മത്സ്യവും മറ്റു ജലവിഭവങ്ങളും കന്നുകാലിമേയ്ക്കലും കൂടാതെ കാലാനുസൃതമായിട്ടുള്ള വിഭവശേഖരണത്തിനായി നാടോടി വിഭാഗങ്ങളുടെ അവകാശങ്ങൾ (നിയമം, വകുപ്പ് 3 (1) (d).

## 3.3 പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക അവകാശങ്ങൾ

4. പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കും കാർഷിക പാരമ്പര്യമില്ലാത്ത ഗോത്രവിഭാഗങ്ങൾക്കും അവരുടെ വാസസ്ഥലങ്ങൾക്കും ആവാസ വ്യവസ്ഥയ്ക്കും മേലുള്ള സാമൂഹികമായ അവകാശം (നിയമം, വകുപ്പ് 3(1) (e).

### 3.4 ഗോത്രവർഗ്ഗക്കാരുടെ കുടിയൊഴിപ്പിക്കപ്പെടാതിരിക്കാനും ഭൂമി അന്യധീനപ്പെടാതിരിക്കാനുള്ള അവകാശങ്ങൾ.

5. രേഖപ്പെടുത്താത്തതും വിജ്ഞാപനം ചെയ്യാത്തതും സർവ്വേ ചെയ്യപ്പെടാത്തതും അല്ലാത്തതുമായ വനത്തിലെ ആവാസകേന്ദ്രങ്ങൾ (ഊരുകൾ) പഴയ കുടിപ്പാർപ്പുകൾ എന്നിവ റവന്യൂ വില്ലേജുകളായി മാറ്റുവാനുള്ള അവകാശം (നിയമം, വകുപ്പ് 3(1) (h)

### 3.5 സാമൂഹിക വനവിഭവ മേഖല (CFR)- സംരക്ഷണ അവകാശവും ഉത്തരവാദിത്തവും.

6. പരമ്പരാഗതമായി സംരക്ഷിക്കുന്നതും പരിപാലിക്കുന്നതുമായ ഏതെങ്കിലും സാമൂഹിക വനവിഭവങ്ങൾ (കമ്മ്യൂണിറ്റി ഫോറസ്റ്റ് റിസോഴ്സ്) CFR സുസ്ഥിരമായ ഉപയോഗത്തിനായി പരിപാലിക്കുന്നതിനും പുനർജീവിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള അവകാശം (നിയമം, വകുപ്പ് 3 (1) (i)

7. ഏതെങ്കിലും പരമ്പരാഗത നിയമപ്രകാരമോ സ്വയം ഭരണാധികാരമുള്ള പ്രാദേശിക സമിതികളോ ജില്ലാ സമിതികളോ സംസ്ഥാന സർക്കാരോ ഏതെങ്കിലും നിയമപ്രകാരം രേഖപ്പെടുത്തിയ അവകാശങ്ങൾ ആദിവാസി നിയമങ്ങളായിട്ടംഗീകരിക്കൽ (നിയമം, വകുപ്പ് 3(1) (j)

8. ജൈവവൈവിധ്യത്തിനുമേലുള്ള അവകാശവും ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവുമായി ബന്ധപ്പെട്ട് ബൗദ്ധികസ്വത്തവകാശവും പരമ്പരാഗതമായ അറിവിനുമേലുള്ള സാമൂഹിക അവകാശവും (നിയമം, വകുപ്പ് (1) (k).

9. വനാവകാശ നിയമത്തിലെ വകുപ്പ് (3) ഉപവകുപ്പ് (1) A തൊട്ട് K വരെയിൽ ഉൾപ്പെടാത്ത മറ്റേതൊരു പരമ്പരാഗതമായിട്ടനുഭവിച്ചു പോരുന്ന അവകാശങ്ങൾ അംഗീകരിക്കൽ നിയമം, വകുപ്പ് 3 (1) (l).

(എന്നാൽ ഇതിൽ നിന്നും ഏതെങ്കിലും വന്യജീവികളെ വേട്ടയാടുന്നതിനോ പിടിക്കുന്നതിനോ അവയിൽ നിന്ന് ഏതെങ്കിലും വസ്തുക്കൾ ശേഖരിക്കുന്നതിനോ ആയ പരമ്പരാഗത പ്രവർത്തനങ്ങളെ അവകാശങ്ങളിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു).

## ൩.6 സാമൂഹിക വനാവകാശം അംഗീകരിക്കൽ

ഗ്രാമസഭ കൂടി വനാവകാശ കമ്മറ്റി അംഗങ്ങളെ തീരുമാനിച്ച് വനാവകാശ കമ്മറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ പരമ്പരാഗതമായി ശേഖരിച്ചുവരുന്ന ചെറുകിട വനവിഭവങ്ങളുടെയും മത്സ്യം മറ്റു ജലവിഭവങ്ങളുടെയും പട്ടിക തയ്യാറാക്കി അംഗീകരിക്കുക, പരമ്പരാഗതമായി ഇതു ശേഖരിച്ചുവരുന്ന പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കി ഫോറം ബി, സി പൂരിപ്പിച്ച് ഗ്രാമസഭയിൽ ചർച്ച ചെയ്ത് അംഗീകരിച്ച് പഞ്ചായത്ത് സെക്രട്ടറിയുടെ കത്തോടുകൂടി സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) യ്ക്കു കൈമാറുക. SDLC അവസാന തീരുമാനത്തിനായി ജില്ലാതല കമ്മറ്റി (DLC) യ്ക്കു കൈമാറുക. DLC അംഗീകരിച്ച് പുതുക്കിയ ചട്ടം പ്രകാരം അനക്സർ III, IV ൽ അവകാശരേഖകൾ നൽകുക.





## 3.7 പ്രധാന സാമൂഹിക അവകാശങ്ങൾ

നിസ്താരി പോലുള്ള ഏത് പേരിൽ അറിയപ്പെടുന്ന സാമൂഹിക അവകാശങ്ങൾ 3(1)b

തടിയേതര വനവിഭങ്ങളുടെ ശേഖരണം, സംഭരണം, മൂല്യവർദ്ധനം, വിപണനം 3 (1) (c)

മത്സ്യം, മറ്റു ജലജീവികൾ, ജലസ്രോതസ്സ്, കാലിമേക്കൽ. 3 (1) (d)

പ്രാക്തന ഗോത്രവർഗ്ഗങ്ങൾക്കും കാർഷിക പാരമ്പര്യമില്ലാത്ത ഗോത്രവിഭാഗങ്ങൾക്കും അവരുടെ വാസസ്ഥലങ്ങൾക്കും ആവാസ വ്യവസ്ഥയ്ക്കും മേലുള്ള സാമൂഹികമായ അവകാശം. 3(1) (e).

രേഖപ്പെടുത്താത്തതും വിജ്ഞാപനം ചെയ്യാത്തതുമായിട്ടുള്ള പഴയ കുടിപാർപ്പുകൾ എന്നിവ റവന്യൂ വില്ലേജുകളായി മാറ്റുവാനുള്ള അവകാശം (നിയമം, വകുപ്പ് 3(1) (h)

വനം വന്യജീവി ജൈവവൈവിധ്യ സംരക്ഷണ അവകാശം (സാമൂഹിക വനവിഭവ മേഖല (CFR). 3 (1) (i)

സർക്കാരുകളോ ഗവേഷണ സ്ഥാപനങ്ങളോ അംഗീകരിച്ച പരമ്പരാഗത അവകാശങ്ങൾ.3 (1) j.

ജൈവവൈവിധ്യത്തിനും പരമ്പരാഗത അറിവുകൾ എന്നിവയിലുള്ള ബൗദ്ധിക സ്വത്തവകാശം.3 (1) k

ഇതിൽ ഒന്നും ഉൾപ്പെടാത്ത പരമ്പരാഗത അവകാശങ്ങൾ 3 (1) l.

*ഇ തിൽ ഏതെങ്കിലും ജീവികളെ കെണി വെച്ച് പിടിക്കുന്നതും വേട്ടയാടുന്നതും സ്രവം ഊറ്റിയെടുക്കുന്നതുമായ പ്രവർത്തനങ്ങൾ അനുവദിനീയമല്ല.*

നിയമം, വകുപ്പ് 3(1) **b,c,d,e,h,j,k, & l.** *ഫോറം B യിലും* 3(1) **I,** *ഫോറം C യിലും ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.*

## ൩.൬ സാമൂഹിക അവകാശം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ.

ഗ്രാമസഭ കൂടി സാമൂഹിക അവകാശങ്ങൾക്കുള്ള അപേക്ഷ നൽകുന്നതിനുള്ള തീരുമാനമെടുക്കുക (നിയമം 3(1) b,c,d,e,g,h,i,j,k, & l.)

↓

പരമ്പരാഗതമായി ശേഖരിക്കുന്ന വനവിഭവങ്ങളുടെയും മത്സ്യ ജലവിഭവങ്ങളുടെയും പട്ടിക തയ്യാറാക്കുക – വനാവകാശ കമ്മറ്റി അംഗങ്ങൾ [FRC] മുഖാന്തരം ഗ്രാമസഭയിൽ ചർച്ച ചെയ്യുക, തെളിവുകൾ സമാഹരിക്കുക.

↓

വനവിഭവശേഖരണ മേഖല തിരിച്ചറിഞ്ഞ് ഭൂപടം തയ്യാറാക്കുക, അതിൽ പ്രധാനപ്പെട്ട സ്ഥലങ്ങൾ അടയാളപ്പെടുത്തുക. ഉദാ: മരങ്ങൾ, റോഡുകൾ, പരമ്പരാഗത സ്ഥലങ്ങൾ, പുഴകൾ, മുതലായവ. ഇത് ഗ്രാമസഭയുടെ മുൻപാകെ വനാവകാശകമ്മിറ്റി അവതരിപ്പിക്കുക.

↓

| | |
|---|---|
| വിഭവശേഖരണ പ്രദേശം മറ്റു ഗ്രാമസഭകളുമായി കവിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ | വിഭവശേഖരണ പ്രദേശം മറ്റു ഗ്രാമസഭകളുമായി കവിഞ്ഞു കിടക്കുന്നില്ലെങ്കിൽ |
| ↓ | ↓ |
| FRC/ഗ്രാമസഭകൾ സംയുക്തമായി ചർച്ച ചെയ്യുക. | |
| ↓ | |
| ഈ മേഖല ഗ്രാമസഭകളുടെ പൊതുമേഖലയായി കണക്കാക്കി ഒന്നിച്ചു അപേക്ഷിക്കുന്നതിന് തീരുമാനിക്കുക. | നിലവിലുള്ള വിഭവ മേഖലാ ഭൂപടത്തിന്റെ വിസ്തൃതിയിൽ മാറ്റം വരുത്തി പ്രത്യേകം പ്രത്യേകമായി അപേക്ഷിക്കുന്നതിന് തീരുമാനിക്കുക. |
| ↓ | ↓ |

തീരുമാനത്തിന്റെ കത്ത് ഊരുമൂപ്പൻമാരും വനാവകാശകമ്മറ്റി അംഗങ്ങളും ഒപ്പിട്ട് മാറ്റം വരുത്തിയ ഭൂപടം സഹിതം (ഓരോ വില്ലേജിന്റെയും തനത് മേഖലയുടെ ഭൂപടവും) പൊതുവായ മേഖലയുടെ ഭൂപടവും ഉണ്ടാക്കി ഗ്രാമസഭയിൽ ചർച്ച ചെയ്ത് പ്രമേയം പാസാക്കുക.

മാറ്റം വരുത്തിയ ഭൂപടം ഗ്രാമസഭയിൽ ചർച്ച ചെയ്ത് പ്രമേയം പാസാക്കുക.

ഫോറം ബി യും ഫോറം സി യും പൂരിപ്പിച്ച് വനാവകാശ കമ്മറ്റി അംഗങ്ങൾ [FRC] അംഗങ്ങളും ഊരുമൂപ്പനും മറ്റു പ്രധാന ഗ്രാമസഭ അംഗങ്ങളും ഒപ്പിടുക. പ്രമേയം പാസാക്കുക.

പ്രമേയം അംഗീകരിച്ച്, അതിന്റെ പകർപ്പ് സഹിതം കത്തോടുകൂടി സബ്ഡിവിഷണൽ ലെവൽ കമ്മറ്റി (SDLC) യ്ക്കു കൈമാറുക.

SDLC ചർച്ച ചെയ്ത്, അവശ്യമെങ്കിൽ ഭേദഗതിയോട് കൂടി അംഗികാരത്തിനായി DLC യ്ക്ക് കൈമാറുക.

DLC - അംഗീകരിക്കുക. അനുബന്ധം III, IV പ്രകാരമുള്ള സാമൂഹിക വനാവകാശ രേഖകൾ നൽകുക.

## 3.9 വനാവകാശം തീരുമാനിക്കുന്നതിന് ഹാജരാക്കാവുന്ന രേഖകൾ.

I.

സ്ഥാപിത വനാവകാശങ്ങളെ അംഗീകരിക്കപ്പെടാനുള്ള രേഖകൾ താഴെകൊടുത്തിരിക്കുന്നവയാണ് (ചട്ടം, വകുപ്പ് 13 (1).

a. പബ്ലിക്ക് ഡോക്യുമെന്റ്സ്, ഗസറ്റുകൾ പോലുള്ള സർക്കാർ രേഖകൾ, സെൻസസ്, സർവ്വേയും താമസ രേഖകളും, ഭൂപടം, (സാറ്റലൈറ്റ്) ഉപഗ്രഹ ചിത്രങ്ങൾ, വർക്കിംഗ്, മാനേജ്മെന്റ് പ്ലാനുകൾ, മൈക്രോപ്ലാനുകൾ വനവിവരാന്വേഷണ രേഖകൾ, മറ്റു വന രേഖകൾ, പാട്ടങ്ങൾ, പട്ടയങ്ങൾ പോലുള്ള അവകാശങ്ങളുടെ രേഖകൾ, ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള കമ്മീഷനുകളുടെയും റിപ്പോർട്ടുകൾ, ഗവൺമെന്റിന്റെ ആജ്ഞകൾ, വിജ്ഞാപനങ്ങൾ പ്രമേയങ്ങൾ.

b. സർക്കാർ അധികാരപരിധിയിൽപെടുന്ന ഡോക്യുമെന്റ്സ്, അതായത് വോട്ടർമാരുടെ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, വീട് നികുതി രസീത് വീടിന്റെ ആധാരം എന്നിവ.

c. ഭൗതികസ്വത്തുക്കൾ അതായത് വീടുകൾ, കുടിലുകൾ, നിരപ്പാക്കിയ സ്ഥലങ്ങൾ, ബണ്ടുകൾ, ചെക്ക് ഡാമുകൾ എന്നിവ.

d. ഭാഗികമായോ പൂർണ്ണമായോ ഉള്ള നിയമരേഖകൾ, കോടതി ആജ്ഞയോ, നിയമംപോലുള്ളവ.

e. ഗവേഷണപഠനങ്ങൾ, പ്രധാനപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ തയ്യാറാക്കിയ വനാവകാശങ്ങൾ രേഖപ്പെടുത്തി ചിത്രീകരിച്ചത്. പരമ്പരാഗത നടത്തിപ്പുകളുടെ രേഖകൾ.

f. സംസ്ഥാനത്തിന്റെയോ ഭരണാധികാരികളുടെയോ മറ്റു രാജാക്കന്മാർ, പ്രഭുക്കന്മാർ, അതിനിടയിൽ വന്നിട്ടുള്ള ഭരണകർത്താക്കൾ എന്തെങ്കിലും രേഖകൾ അതായത് ഭൂപടങ്ങൾ, അവകാശരേഖകൾ, ആനുകൂല്യങ്ങൾ പോലുള്ളവ.

g. പ്രാചീനകാലത്തുണ്ടാക്കിയിട്ടുള്ള പരമ്പരാഗത രൂപങ്ങൾ, അതായത് കിണർ, കാവുകൾ, ശവസംസ്കാരസ്ഥലങ്ങൾ പോലുള്ളവ.

h. പഴയകാലത്തെ ഭൂരേഖകൾ വ്യക്തികൾക്ക് പുരാതനകാലവുമായി ഉള്ള ബന്ധം തെളിയിക്കുന്ന. പ്രത്യേകിച്ച് ഊരിലെ/ ഗ്രാമത്തിലെ പഴയകാലത്തെ താമസക്കാരനെ, വംശപരബര വെളിവാക്കുന്നത്.

I. അവകാശവാദങ്ങൾ, അവകാശവാദികൾ എന്നിവയെക്കുറിച്ച് ഊരിലെ മുതിർന്നവരുടെ വാക്കുകള്.

II. **സാമൂഹിക വനമേഖല (CFR) ന് ഹാജരാക്കാവുന്ന തെളിവുകൾ** (ചട്ടം, വകുപ്പ് 13 (2).

a. നിസ്റ്റാർ പോലുള്ള (രാജാക്കന്മാർ, പ്രഭുക്കന്മാർ, അതിനിടയിൽ വന്നിട്ടുള്ള ഭരണകർത്താക്കൾ അംഗീകരിച്ചനുവദിച്ച) സാമുദായിക അവകാശങ്ങൾ.

b. പരമ്പരാഗത കന്നുമേക്കൽ സ്ഥലങ്ങൾ, വേരും തണ്ടും, കാലിത്തീറ്റ ഭക്ഷ്യയോഗ്യമായ കാട്ടുപഴങ്ങൾ, മറ്റു ചെറുകിട വനവിഭവങ്ങൾ എന്നിവ ശേഖരിക്കുന്ന

സ്ഥലങ്ങൾ മത്സ്യബന്ധന സ്ഥലങ്ങൾ, മനുഷ്യാവശ്യത്തിനോ കന്നുകാലികൾക്കുള്ള ജലസ്രോതസ്സുകൾ വൈദ്യന്മാരുടെ ഔഷധ സസ്യശേഖരണ സ്ഥലങ്ങൾ എന്നിവ.

c. തദ്ദേശവാസികൾ പണിതീർത്തിട്ടുള്ള രൂപങ്ങളുടെ അവശിഷ്ടങ്ങൾ, ആരാധിക്കുന്ന മരങ്ങൾ, കാവുകൾ, കുളങ്ങളും പുഴതീരങ്ങളും, ശ്മശാന സ്ഥലങ്ങൾ

d. ഗവൺമെന്റ്റെക്കോഡുകൾ അല്ലെങ്കിൽ ഇപ്പോഴുള്ള സംരക്ഷിത വനങ്ങളോ റിസർവ്വ് വനങ്ങളുടെയോ, നിസ്താരി വനങ്ങളുടെയോ, ആദിവാസി പൊതുഭൂമികളുടെയും പണ്ട് ചെയ്തിട്ടുള്ള തരം തിരിക്കൽ.

e. പണ്ടുള്ളതോ ഇപ്പോഴുള്ളതോ ആയ കാർഷികരീതികൾ.

(ചട്ടം, വകുപ്പ് 13 (3). അവകാശ വാദങ്ങൾ തീരുമാനിക്കുന്നതിനായി ഗ്രാമസഭയും, സബ് ഡിവിഷണൽ ലെവൽ കമ്മറ്റിയും ജില്ലാതല കമ്മറ്റിയും മുകളിൽ പറഞ്ഞിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് തെളിവുകൾ പരിഗണിക്കേണ്ടതാണ്.



## 3.10 ചോദ്യോത്തരങ്ങൾ

- സാമൂഹിക വനവിഭവമേഖലയ്ക്കുള്ള അപേക്ഷകൾ യഥാക്രമം നൽകുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടത് ആരുടെ ചുമതലയാണ്.?

പട്ടിക ഗോത്രവർഗ്ഗ, വനം, റവന്യു വകുപ്പുകൾ ഉൾപ്പെടുന്ന സബ് ഡിവിഷണൽ ലെവൽ കമ്മിറ്റി (SDLC) യുടെ ചുമതലയാണ്.

- പരമ്പരാഗതമായി ജീവിച്ചുവരുന്ന സാമൂഹിക വനവിഭവമേഖലയുടെ (CFR)സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവകാശം യഥാക്രമം നൽകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ആരുടെ ചുമതലയാണ്.?

പുതുക്കിയ ചട്ടം 12. B(3) പ്രകാരം വനാവകാശ നിയമത്തിന്റെ വകുപ്പ് 3(i) പ്രകാരമുള്ള സാമൂഹിക വനവിഭവമേഖലയുടെ (CFR) വിഭവ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും പരിരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവകാശം എല്ലാ വില്ലേജുകളും നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് ജില്ലാതല കമ്മറ്റി (DLC) - യുടെ ചുമതലയാണ്. ജില്ലാതല കമ്മറ്റി (DLC) - യുടെ സെക്രട്ടറി (പട്ടിക ഗോത്രവർഗ്ഗ പ്രതിനിധി ടി. ഡി. ഒ (TDO) പട്ടിക തയാറാക്കേണ്ടതാണ്, ജില്ലാതല കമ്മറ്റി (DLC) - യുടെ തലവനായ ജില്ലാകളക്ടറാണ് ഇതിന് മുൻകൈ എടുക്കേണ്ടത്. എല്ലാ വില്ലേജുകൾക്കും സാമൂഹിക വനവിഭവമേഖലയുടെ (CFR)സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള അവകാശം ലഭ്യമാകണം എന്നാണ് അനുമാനം.

വനഡിവിഷനുകളുടെ മേധാവിയായ ഡി. എഫ്. ഒ (DFO) യാണ് DLC - യിൽ ഇതിനെ കുറിച്ച് ആധികാരികമായി പറയാൻ പറ്റുന്ന ഉദ്യോഗസ്ഥൻ.

ഇപ്രകാരം സാമൂഹിക വനവിഭവമേഖലാ അവകാശങ്ങൾ നൽകാത്ത വില്ലേജുകളുടെ വിശദീകരണം ജില്ലാതല കമ്മറ്റി (DLC) - യുടെ സെക്രട്ടറി (ട്രൈബൽഓഫീസർ) തയ്യാറാക്കേണ്ടതും ചെയർമാൻ (ജില്ലാകളക്ടർ) അത് സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റിക്ക് നൽകേണ്ടതാണ്.

- വനാവകാശ നിയമപ്രകാരം വനത്തിനകത്തേക്കോ പുറത്തേക്കോ വിഭവങ്ങൾ കൊണ്ടുപോകുന്നതിനുള്ള പെർമിറ്റുകളുടെ ആവശ്യമുണ്ടോ, ഉണ്ടെങ്കിൽ അത് ആർക്കാണ് നൽകാൻ സാധിക്കുക?

വനാവകാശനിയമ പ്രകാരം ഗ്രാമസഭ അധികാരപ്പെടുത്തുന്ന കമ്മറ്റിക്കോ, ചട്ടം (4(1) (e) കമ്മറ്റിയിലെ വ്യക്തിക്കോ വനവിഭവങ്ങൾ കൊണ്ടുപോകുന്നതിനുള്ള പെർമിറ്റിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കാവുന്നതും പെർമിറ്റ് നൽകാവുന്നതുമാണ്. ചട്ടം, വകുപ്പ് 2 (1) (c) (1).